بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ    نَحۡمَدُہٗ وَنُصَلِّی عَلٰی رَسُوۡلِہِ الۡکَرِیۡمِ    وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly
BADAR Qadian
Malayalam

വാല്യം 10

ലക്കം 38

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2025 സെപ്റ്റംബർ 18 • ഹി.ശം 1404 തബൂക് 18 • ഹി:ഖ 1447 റബീഉൽഅവ്വൽ 25

## അല്ലാഹുവിന്റെ വചനം

يٰۤاَيُّهَا الَّذِيۡنَ اٰمَنُوا ادۡخُلُوۡا فِى السِّلۡمِ كَآفَّةً ۖ وَلَا تَتَّبِعُوۡا خُطُوٰتِ الشَّيۡطٰنِ ؕ اِنَّهٗ لَـكُمۡ عَدُوٌّ مُّبِيۡنٌ ﴿۲۰۹﴾

سورۃ البقرۃ-209

വിശ്വാസികളേ! നിങ്ങളെല്ലാവരും സമ്പൂർണമായ അനുസരണ(വൃത്ത)ത്തിൽ പ്രവേശിക്കുക. പിശാചിന്റെ കാലടികളെ നിങ്ങൾ പിന്തുടരരുത്. നിശ്ചയമായും അവൻ നിങ്ങളുടെ പ്രത്യക്ഷശത്രുവാകുന്നു.

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്‌രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.

അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## അധികമധികമായി ഇസ്തിഗ്ഫാർ ചെയ്തുകൊണ്ടിരിക്കുക. മനുഷ്യന് ദുഃഖങ്ങളിൽനിന്ന് വിടുതൽ കിട്ടുന്നതിനുള്ള മാർഗമിതാണ്.

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്ﷺന്റെ ഉപദേശങ്ങൾ

### ആത്മീയാഭിവൃദ്ധിയുടെ താക്കോലാണ് ഇസ്തിഗ്ഫാർ:

ഒരാൾ തന്റെ കടത്തെ സംബന്ധിച്ച് ദുആ ചെയ്യാൻ പറഞ്ഞു. അപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്ﷺ പറഞ്ഞു:"അധികമധികമായി ഇസ്തിഗ്ഫാർ ചെയ്തുകൊണ്ടിരിക്കുക. മനുഷ്യന് ദുഃഖങ്ങളിൽനിന്ന് വിടുതൽ കിട്ടുന്നതിനുള്ള മാർഗമിതാണ്."

ഒരാളോടു ഇസ്തിഗ്ഫാർ ചെയ്യാൻ നിർദേശിച്ചുകൊണ്ടു പറഞ്ഞു: ആത്മീയാഭിവൃദ്ധികളുടെ താക്കോലാണ് ഇസ്തിഗ്ഫാർ.

വിശുദ്ധ ഖുർആനിൽ മസീഹ് മൗഊദിനേയും അദ്ദേഹത്തിന്റെ ജമാഅത്തിനേയും കുറിച്ചു പറയുന്നുണ്ട്.

പറഞ്ഞു: ധാരാളമായി ഓതപ്പെടുന്ന നാലു സൂറത്തുകൾ വിശുദ്ധ ഖുർആനിലുണ്ട്. അവയിൽ മസീഹ് മൗഊദിനേയും അദ്ദേഹത്തിന്റെ ജമാഅത്തിനേയും കുറിച്ച് പറഞ്ഞിട്ടുണ്ട്. (1) സൂറ ഫാത്തിഹ. അത് എല്ലാ റക്അത്തിലും ഓതപ്പെടുന്നു. അതിൽ നമ്മുടെ വാദത്തിനുള്ള തെളിവുണ്ട്. അത് ഈ തഫ്സീറിൽ സ്ഥാപിക്കുന്നതായിരിക്കും. (2) സൂറ ജുമുഅ. ഇതിൽ ആഖരീന മിൻഹും എന്ന് പറഞ്ഞിട്ടുള്ള മസീഹ് മൗഊദിന്റെ ജമാഅത്തിനെ കുറിച്ചാണ്. ഇത് എല്ലാ വെള്ളിയാഴ്ചയും ഓതപ്പെടുന്നു. (3) സൂറ കഹ്ഫ്. ഇത് ഓതിക്കൊണ്ടിരിക്കണമെന്ന് നബിﷺതിരുമേനി താക്കീതോടെ പറഞ്ഞു. (4) വിശുദ്ധ ഖുർആനിലെ അവസാനത്തെ സൂറത്ത്. ഇതിൽ ദജ്ജാലിന്റെ പേര് ഖന്നാസ് എന്നുവെച്ചിരിക്കുന്നു. ഇബ്റാനീ തൗറാത്തിൽ ദജ്ജാലിനുവേണ്ടി പറഞ്ഞിട്ടുള്ള അതേ വാക്കാണിത്. അതായത് നഹാശ്. ഇപ്രകാരംതന്നെ വിശുദ്ധ ഖുർആനിന്റെ മറ്റു സ്ഥലങ്ങളിലും ധാരാളം പറഞ്ഞിട്ടുണ്ട്.*(മൽഫൂദാത്ത് വാള്യം 2, പേജ് 86, 2018 പതിപ്പ്, ഖാദിയാൻ)*

## ഏറ്റവും വലിയ അക്രമം ലോകത്ത് ഏറ്റവുമധികം സമാധാനം സ്ഥാപിക്കുന്നതിനുവേണ്ടി വന്ന നബിയെ യുദ്ധം ചെയ്യുന്ന നബിയെന്ന് പറയുന്നു എന്നതാണ്. പാതിരിമാർ അതിൽ ആക്ഷേപമുന്നയിക്കുന്നു. ലോകം ആയിരംവട്ടം നിഷേധിച്ചാലും അവർ കാലത്തിന്റെ ചതിയിൽപ്പെട്ടതിനുശേഷം അവസാനം നിന്റെ ഭാഗത്തുനിന്ന് അവതരിപ്പിക്കപ്പെടുന്ന ഈ അധ്യാപനത്തിലേക്ക് വരുന്നതായിരിക്കും.

സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓ സൂറത്തുൽ ഹജ്ജിലെ 68-ാമത്തെ വചനത്തിനു നല്കിയ വ്യാഖ്യാനത്തിൽ പറയുന്നു: "പാടാളുകൾ എന്നെ കണ്ടു. അവർ പറഞ്ഞു: ഞങ്ങൾ വളരെ കാലമായി മദ്യം കഴിക്കാറില്ല. കാരണം ഞങ്ങൾ അതിനെ മോശമായി മനസ്സിലാക്കുന്നു. ഇതേപ്രകാരം, മുമ്പേ പർദയുടെമേൽ ആക്ഷേപം ഉന്നയിക്കാറുണ്ടായിരുന്നു. എന്നാൽ, ഇപ്പോൾ യൂറോപ്പിലും പർദ ആവശ്യമാണെന്ന് മനസ്സിലാക്കുന്നവരുണ്ടായിക്കൊണ്ടിരിക്കുകയാണ്. എന്നല്ല അത്ഭുതകരമായ കാര്യം ഞാൻ യൂറോപ്പിൽ പോയപ്പോൾ അവിടെ അതേ സംഗീതജ്ഞൻ, ഇയാളെ കുറിച്ചാണ് ഞാനിപ്പോൾ പറഞ്ഞത്, അയാളെന്നോടു പറഞ്ഞു: ഞാൻ താങ്കളുടെ 'ദീബാച തഫ്സീറുൽ ഖുർആൻ' വായിച്ചു. ഇതുകേട്ടപ്പോൾ എന്റെ മനസ്സിൽ ഒരു സംശയമുണ്ടായി. ഞാൻ പറഞ്ഞു: പറഞ്ഞാലും. എന്തുസംശയമാണുണ്ടായത്? അദ്ദേഹം പറഞ്ഞു: 'ഈ ഗ്രന്ഥത്തിൽ അങ്ങെഴുതിയിരിക്കുന്നു: 'നബിﷺതിരുമേനി ഒരിക്കൽ മസ്ജിദിൽ ആരാധനയ്ക്ക് ഇരിക്കുകയായിരുന്നു. അവിടത്തെ ഭാര്യ അങ്ങയെ കാണാൻ വന്നു. അതു തിരിച്ചുപോകേണ്ട സമയമായിരുന്നു. രാത്രിയായി. അതുകൊണ്ട് ഭാര്യയെ വീട്ടിലാക്കാൻ അവരോടൊപ്പം പോയി. വഴിയിൽവച്ച് ഒരാളെ കണ്ടുമുട്ടി. അയാളെ കണ്ടപ്പോൾ നബിﷺതിരുമേനിക്ക് സംശയമുണ്ടായി. ഇയാൾ തെറ്റുധരിക്കാൻ പാടില്ല. ഞാൻ വേറെയാരെങ്കിലുമായിട്ടാണോ പോകുന്നതെന്ന് ഇയാൾ സംശയിക്കാനിടയുണ്ട്. അങ്ങനെ അവിടന്ന് തന്റെ ഭാര്യയുടെ മുഖത്തുനിന്ന് പർദ നീക്കി. അയാളോടു പറഞ്ഞു: 'നോക്കൂ ഇതെന്റെ ഭാര്യയാണ്.' അയാൾ പറയുകയാണ്, ഈ സംഭവം വായിച്ചപ്പോൾ എന്റെ മനസ്സിൽ ആക്ഷേപമുണ്ടായി. പർദ ഇസ്‌ലാമിന്റെ അങ്ങേയറ്റത്തെ നിലയിലുള്ള കൽപ്പനകളിൽപ്പെട്ട ഒന്നാണ്. ഇതു പരിശുദ്ധിയുടെ ജീവനാണ്. ഏതെങ്കിലും ദുർഭഗൻ അയാളുടെ മനസ്സിൽ നബിﷺതിരുമേനിയുടെ 50, 60 വർഷത്തെ ജീവിതം കണ്ടിട്ടും സംശയമുണ്ടാകുകയാണെങ്കിൽ നിസ്സംശയം അയാൾ നരകത്തിൽ പോകേണ്ടതാണ്. അവന്റെ ഈമാൻ രക്ഷിക്കുന്നതിനുവേണ്ടിമാത്രം തന്റെ ഭാര്യയുടെ മുഖത്തുനിന്ന് പർദ നീക്കി. ദീർഘകാലംവരെ നബിതിരുമേനിയുടെ സേവനം കണ്ടിട്ടുള്ളയാൾ, അവിടത്തെ ത്യാഗങ്ങൾ കണ്ടിട്ടുള്ളയാൾ, അവിടത്തെ ഈമാൻ കണ്ടിട്ടുള്ളയാൾ, അവിടത്തെ ആത്മാർഥത കണ്ടിട്ടുള്ളയാൾ, അവിടത്തെ ദൈവസ്നേഹം കണ്ടിട്ടുള്ളയാൾ, ഇങ്ങനെയൊക്കെയായിട്ടും അയാളുടെ മനസ്സിൽ സംശയമുണ്ടായി. ആ ദുർഭഗൻ മരിച്ചിരുന്നെങ്കിൽ നിസ്സംശയം മരിച്ചുപോകുമായിരുന്നു. അവനുവേണ്ടി തന്റെ ഭാര്യയുടെ മുഖത്തുനിന്ന് പർദ മാറ്റേണ്ട ആവശ്യമെന്തായിരുന്നു?' ഞാൻ അയാളോടു പറഞ്ഞു: 'എന്തായാലും മുഹമ്മദു റസൂലുല്ലാഹിﷺഒരു ചെറിയ കാര്യത്തിനുവേണ്ടി വലിയ കാര്യം എന്തിനാണ് ത്യജിച്ചതെന്ന ആക്ഷേപമാണ് താങ്കൾക്കുള്ളത്. നിസ്സംശയം അയാളുടെ ഈമാനും ഒരു വിലപിടിച്ച കാര്യം തന്നെയായിരുന്നു. എന്തായാലും അതൊരു ദുർബലനായ മനുഷ്യന്റെ ഈമാനായിരുന്നു. കാരണം അയാൾ മുഹമ്മദു റസൂലുല്ലായുടെ പരിശുദ്ധിയിൽ സംശയിച്ചു. ആ വ്യക്തിയുടെ ഈമാൻ രക്ഷിക്കുന്നതിനുവേണ്ടി തന്റെ ഒരു ഭാര്യയുടെ പർദ നീക്കുന്നത് ഒരു വലിയ കാര്യത്തെ ചെറിയ കാര്യത്തിനുവേണ്ടി ത്യാഗം ചെയ്യുക എന്നതാണ്. അയാൾ പറഞ്ഞു, അതേ എന്റെ മനസ്സിൽ ഇതേ സംശയമാണുണ്ടായത്. ഞാൻ പറഞ്ഞു:അപ്പോൾ ഇതിന്റെ അർഥം ഇതാണ്, ചെറിയകാര്യത്തെ വലിയകാര്യത്തിനുവേണ്ടി ത്യാഗം ചെയ്യേണ്ടതാണെന്ന് താങ്കൾ സമ്മതിക്കുന്നു. എന്നാൽ, ആ നിയമം പരിഗണിച്ചുകൊണ്ട് ആ പ്രത്യേകമാക്കപ്പെട്ട

ശേഷം പേജ് 8 ൽ

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്റാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# ഖുത്വ്ബ ജുമുഅ

**നബിﷺതിരുമേനി ദൗത്യസംഘത്തെ അയക്കുമ്പോഴെല്ലാം അവർക്ക് നൽകിയിരുന്ന നിർദ്ദേശം യുദ്ധത്തിൽ ധിറുതി കാണിക്കരുതെന്നായിരുന്നു. സാവധാനത്തിലും സൗമ്യമായും പെരുമാറുക. ഏറ്റുമുട്ടുന്നതിനുമുമ്പേ ഇസ്‌ലാമിലേക്ക് അവരെ ക്ഷണിക്കുക. നിയമങ്ങൾ വ്യക്തമാക്കുക, അങ്ങനെ ന്യായപൂർത്തീകരണം വരുത്തുക. ബാങ്ക് വിളി കേൾക്കുന്ന സ്ഥലത്ത് ആക്രമണം പാടില്ല.**

**സരിയ്യ ബനൂ ജദീമയിലുണ്ടായ ഈ സംഭവം അറിഞ്ഞപ്പോൾ നബിﷺതിരുമേനിക്ക് വലിയ ദുഃഖമുണ്ടായി. നബിﷺ തിരുമേനി പറഞ്ഞു: "അവരെ കൊല്ലാൻ ഞാൻ ഖാലിദിനോടു കൽപ്പിച്ചിട്ടില്ല. അവരെ ഇസ്‌ലാമിലേക്ക് ക്ഷണിക്കാൻ മാത്രമാണ് ഞാൻ പറഞ്ഞത്." തുടർന്ന് നബിﷺതിരുമേനി തന്റെ കൈകളുയർത്തിക്കൊണ്ട് രണ്ടുതവണ അല്ലാഹുവിനോടു പറഞ്ഞു: അല്ലാഹുമ്മ ഇന്നീ അബ്റഉ ഇലയ്ക്ക മിമ്മാ സ്വനഅ ഖാലിദുൻ "അല്ലാഹുവേ, ഖാലിദ് ചെയ്ത കാര്യത്തിൽ എനിക്ക് ഉത്തരവാദിത്വമില്ലെന്ന് ഞാൻ നിന്നോടു വെളിപ്പെടുത്തുകയാണ്."**

**മക്ക ഫത്ഹ് യുദ്ധത്തിനുശേഷം ഉണ്ടായിട്ടുള്ള ചില സരിയ്യത്തുകളുടെ വെളിച്ചത്തിൽ തിരുനബി ചരിത്ര വിവരണം.**

**ഖുത്വ്ബ ജുമുഅ 2025 ആഗസ്റ്റ് 15, 1404 ളുഹൂർ 15, മസ്ജിദ് മുബാറക്, ഇസ്‌ലാമാബാദ്, ടിൽഫോർഡ് (സർറെ)യു.കെ.**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ایدہ اللہ تعالیٰ بنصرہ العزیز

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ○
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

കഴിഞ്ഞ ജുമുഅയിൽ ഞാൻ മൂന്നു വലിയ ബിംബത്തെ തകർത്തതിനെക്കുറിച്ച് പറഞ്ഞിരുന്നു. ഇതിനെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ ഇപ്രകാരമാണ് വിവരിക്കുന്നത്. ഒരു സരിയ്യത്ത് അഥവാ സൈനികനീക്കം, ഹിജ്റ എട്ടാം വർഷം റമളാനിൽ മനാത്തിലേക്ക് അയക്കപ്പെട്ട ഹദ്റത്ത് സഅ്ദ് ബിൻ സയ്ദ് അശ്ഹലിയുടേതായിരുന്നു. നബിﷺതിരുമേനി റമളാൻ 24-ന് മനാത്ത് എന്ന വിഗ്രഹം തകർക്കുന്നതിനുവേണ്ടി ഹദ്റത്ത് സഅ്ദ് ബിൻ സയ്ദിനെ അയച്ചു. ഇത് ചെങ്കടലിന്റെ തീരത്ത് ഖുദയ്ദിനടുത്ത് മുശല്ലൽ എന്ന സ്ഥലത്താണ് പ്രതിഷ്ഠിക്കപ്പെട്ടിരുന്നത്. ഇക്കാരണത്താൽ ഇതിനെ **'സരിയ്യ മുശല്ലൽ'** എന്നും വിളിക്കുന്നു. *(സ്വഹാബത്തിനെ മാത്രം അയച്ചിരുന്ന യുദ്ധങ്ങൾക്ക് സരിയ്യത്തുകൾ എന്നു പറയുന്നു)(ശറഹ് സർഖാനീ വാള്യം 3 പേജ് 490-491, ദാറുൽകുതുബുൽഇൽമിയ്യ) (ബുഖാരി കിതാബുത്തഫ്സീർ, ഹദീഥ് 4861)(മിൻ മആരിക്കിൽ ഇസ്‌ലാം അൽഫാസില, ബാശമീൽ വാള്യം 9, പേജ് 12, അൽ മകത്ബത്തുശ്ശാമില)*

ഹദ്റത്ത് സഅ്ദ് ബിൻ സയ്ദ് അശ്ഹലി ഇരുപത് കുതിരപ്പടയാളികളോടൊപ്പം യാത്ര തിരിച്ചു. അവിടെയെത്തിയപ്പോൾ ഒരു പൂജാരിയുണ്ടായിരുന്നു. പൂജാരി ഹദ്റത്ത് സഅ്ദിനോടു നിങ്ങൾക്കെന്താണ് വേണ്ടതെന്ന് ചോദിച്ചു. മനാത്തിനെ തകർക്കണമെന്ന് അദ്ദേഹം പറഞ്ഞു. അയാൾ പറഞ്ഞു: 'നിങ്ങളാണോ അതുചെയ്യാൻ പോകുന്നത്?' അതായത് നിങ്ങൾക്കത് അസാധ്യമാണെന്ന്! ഹദ്റത്ത് സഅ്ദ് ആ വിഗ്രഹത്തിനടുത്തേക്ക് നീങ്ങി. നിവേദകൻ പറയുന്നു, ഒരുപക്ഷേ, അലങ്കാരത്തിനുവേണ്ടി പറഞ്ഞതായിരിക്കും. അപ്പോൾ മുടിയഴിച്ചിട്ട, കറുത്ത, നഗ്നയായ ഒരു സ്ത്രീ മുറിയിൽനിന്ന് പുറത്തുവരുകയും പൂജാരി തന്റെ വിഗ്രഹത്തോടു ഹേ മനാത്തേ! നിന്റെ കോപം അയക്കുക എന്ന് പറയുകയും ചെയ്തു. ഹദ്റത്ത് സഅ്ദ് ബിൻ അശ്ഹലി അവനെ കൊലപ്പെടുത്തി. ഈ പൂജാരിയെ കൊലപ്പെടുത്തി എന്നു പറയുന്നു. ഈ കൊലപാതകത്തിന്റെ റിപ്പോർട്ട് ശരിയാണെങ്കിൽ, പൂജാരി ഒരുപക്ഷേ, ഏറ്റുമുട്ടാൻ ശ്രമിച്ചിരിക്കും. ആ ഏറ്റുമുട്ടലിൽ അയാൾ കൊല്ലപ്പെട്ടതാവാം. വെറും ശാപം ചൊരിഞ്ഞതിന് കൊലപ്പെടുത്തുക എന്നത് ഇസ്‌ലാമിക അധ്യാപനമല്ല. അത് ശരിയല്ലെന്നാണ് മനസ്സിലാകുന്നത്. ഇത് നബിﷺതിരുമേനിയുടെ പൊതുവായ നിർദേശങ്ങൾക്കുമെതിരാണ്. എന്തായാലും, പിന്നീട് അദ്ദേഹവും കൂട്ടുകാരും വിഗ്രഹത്തിനുനേരെ തിരിയുകയും അതിനെ തകർക്കുകയും ചെയ്തു. അതിനുശേഷം അവരെല്ലാവരും നബിﷺതിരുമേനിയുടെ തിരുസന്നിധിയിൽ ഹാജരായി. *(അത്ത്വബഖാത്തുൽകുബ്റാ വാള്യം 2, പേജ് 111-112, സരിയ്യ സഅ്ദ് ബിൻ സയ്ദ് അൽ അശ്ഹലി ഇലാ മനാത്ത്, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റൂത്ത്) (ശറഹ് സർഖാനീ വാള്യം 3 പേജ് 490-491, ഹദമ മനാത്ത് ദാറുൽകുതുബുൽഇൽമിയ്യ 1996)*

ഇബ്നു ഹിശാം എഴുതിയിരിക്കുന്നത് മനാത്തിനെ തകർക്കാൻ നബിﷺതിരുമേനി അബൂ സുഫിയാൻ ബിൻ ഹർബിനെ അയച്ചുവെന്നാണ്. ഈ ജോലി ഹദ്റത്ത് അലിയാണ് ചെയ്തതെന്നും പറയപ്പെടുന്നു. എന്നാൽ, വാഖിദിയുടെയും ഇബ്നു സഅ്ദിന്റെയും അഭിപ്രായമനുസരിച്ച്, ഹദ്റത്ത് സഅ്ദ് ബിൻ സയ്ദാണ് അതിനെ തകർത്തത്. *(അല്ലുഅ്‌ലുഉൽ മക്നൂൻ സീറത്ത് എൻസൈക്ലോപീഡിയ, വാള്യം 9, പേജ് 208, ദാറുസ്സലാം)* വാഖിദിയുടെതു തന്നെയാണ് മറ്റ് റിപ്പോർട്ടുകളെങ്കിൽ, ചില കാര്യങ്ങൾ കൂടുതലായി ചേർത്തിരിക്കാൻ സാധ്യതയുണ്ട്.

നഖ്‌ലയിലേക്ക് ഹദ്റത്ത് ഖാലിദ് ബിൻ വലീദിന്റെ നേതൃത്തിൽ പോയ സരിയ്യത്ത്.

ഇത് ഹിജ്റ 8-ാം വർഷം റമളാൻ 25-നാണ് നടന്നത്/എ.ഡി. 629 ജനുവരി. റമളാൻ 25-ന് നബിﷺതിരുമേനി മുപ്പത് പേരടങ്ങുന്ന ഒരു സംഘത്തെ ഹദ്റത്ത് ഖാലിദ് ബിൻ വലീദിന്റെ നേതൃത്വത്തിൽ നഖ്‌ലയിൽ അയച്ചു. അവിടെ ഖുറയ്ശികളുടെ പ്രസിദ്ധമായ ഉസ്സാ എന്ന വിഗ്രഹം തകർക്കുകയായിരുന്നു ലക്ഷ്യം. മക്കയിൽനിന്ന് കിഴക്ക് ഒരു ദിവസത്തെ യാത്രാദൂരത്താണ് നഖ്‌ല സ്ഥിതി ചെയ്യുന്നത്. മക്കയ്ക്കും ത്വാഇഫിനുമിടയിലുള്ള ഒരു താഴ്‌വരയാണിത്. നഖ്‌ലയിൽ ഒരു വീടുണ്ടായിരുന്നു, അതിന്റെ സൂക്ഷിപ്പുകാരും സംരക്ഷകരും ബനൂ ശയ്ബാനായിരുന്നു. ഇവർ ബനൂഹാശിമിന്റെ സഖ്യകക്ഷിയായിരുന്നു. ഖുറയ്ശികളുടെ ഏറ്റവും വലിയ അവിടുത്തെ വിഗ്രഹമായിരുന്നു ഉസ്സാ. ഇമാം ബയ്ഹഖി വിവരിക്കുന്നു: 'ഈ വീട് മൂന്ന് കരുവേലവൃക്ഷം ഉൾപ്പെട്ടതായിരുന്നു. അതായത്, വീടിന് ചുറ്റും കരുവേലവൃക്ഷങ്ങളുണ്ടായിരുന്നു. വീട് നടുക്കായിരുന്നു. ഇബ്നു ഇസ്ഹാഖ് പറയുന്നു: ഉസ്സയുടെ പൂജാരി ഹദ്റത്ത് ഖാലിദിന്റെ വരവറിഞ്ഞപ്പോൾ വാൾ വിഗ്രഹത്തിൽ തൂക്കി സ്വയം മലമുകളിൽ ഓടിക്കയറി, അറബിക്കവിത ചൊല്ലാൻ തുടങ്ങി, അതിന്റെ അർഥം ഇപ്രകാരമായിരുന്നു:ഖാലിദിന്റെമേൽ ഒന്നും അവശേഷിക്കാത്ത വിധം ശക്തമായ ആക്രമണം അഴിച്ചുവിടുക. അങ്കത്തിനുള്ള മൂടുപടം ധരിക്കുക, കുപ്പായക്കൈകൾ കയറ്റിവയ്ക്കുക. ഹേ ഉസ്സാ, നിങ്ങൾ ഖാലിദെന്ന ഈ വ്യക്തിയെ കൊന്നില്ലെങ്കിൽ

പോലും, അവനെ ഉടൻതന്നെ സംഭവിക്കാൻ പോകുന്ന ഒരു പാപത്തിന് അർഹനാക്കുക. അല്ലെങ്കിൽ അവനോടു പകരം വീട്ടുക. ഹദ്റത്ത് ഖാലിദ് നഖ്ലയിൽ എത്തിയയുടൻതന്നെ കരുവേല വൃക്ഷങ്ങൾ മുറിച്ചുമാറ്റി, ഉസ്സയുടെ വിഗ്രഹം പ്രതിഷ്ഠിച്ചിരുന്ന വീട് തകർക്കുകയും ചെയ്തു. അതിനുശേഷം അദ്ദേഹം മക്കയിലേക്ക് മടങ്ങി നബിﷺ തിരുമേനിയെ കണ്ട് റിപ്പോർട്ട് സമർപ്പിച്ചു. അപ്പോൾ നബിﷺ തിരുമേനി ചോദിച്ചു: നിങ്ങൾ അവിടെ പ്രത്യേകിച്ച് എന്തെങ്കിലും കണ്ടിരുന്നോ? ഹദ്റത്ത് ഖാലിദ് ഇല്ലെന്ന് മറുപടി നല്കി. അപ്പോൾ നബിﷺതിരുമേനി പറഞ്ഞു: എങ്കിൽ നിങ്ങൾ ഉസ്സയെ നശിപ്പിച്ചിട്ടില്ല. തിരിച്ചുപോയി അതിന് ഉന്മൂലനാശം വരുത്തുക. ഈ ആജ്ഞ കേട്ട ഉടൻതന്നെ ഹദ്റത്ത് ഖാലിദ് തിരിച്ചുപോയി. കാവൽക്കാർ വീണ്ടും ഹദ്റത്ത് ഖാലിദിനെ കണ്ടപ്പോൾ മലമുകളിൽ ഓടിക്കയറി. അവർ ഉസ്സയോട് ഇവരെ നശിപ്പിക്കണേ എന്ന് അപേക്ഷിക്കുകയായിരുന്നു. ആ വിഗ്രഹാലയത്തിൽനിന്ന് മുടിയഴിച്ചിട്ട ഒരു കറുത്ത സ്ത്രീ പുറത്തുവന്നു. (അവിടെ അവർ സ്ത്രീകളെ നിർത്തിയിട്ടുണ്ടായിരിക്കും), അപ്പോൾ ഹദ്റത്ത് ഖാലിദ് ഈ വരികൾ ചൊല്ലുകയായിരുന്നു,

**യാ ഉസ്സ കുഫ്റാനക്ക**
**ല അസ്ബഹാനക്ക**

**ഇന്നീ റഅയ്ത്തുല്ലാഹ**
**ഖദ് അഹാനക്ക**

ഉസ്സേ! ഞാൻ നിന്നെ നിഷേധിക്കുന്നു. നിന്റെ പരിശുദ്ധി വിവരിക്കുന്നില്ല. അല്ലാഹു നിന്നെ നിന്ദിച്ചിരിക്കുന്നത് ഞാൻ കണ്ടിരിക്കുന്നു. ഇതിനുശേഷം അവിടന്ന് തിരിച്ചുവന്ന് നബിﷺതിരുമേനിയുടെ തിരുസന്നിധിയിൽ റിപ്പോർട്ട് നല്കി. നബിﷺതിരുമേനി പറഞ്ഞു:നഅം തിൽക്കൽ ഉസ്സാ വഖദ് യഇസത്ത്അൻ തുഅ്ബദ ബിബിലാദിക്കും അബദൻ ഹാ! ഇതാണ് ആ ഉസ്സാ. അത് നിരാശപ്പെട്ടിരിക്കുന്നു. നിങ്ങളുടെ നഗരങ്ങളിൽ അതിന് ഇനി ഒരു ആരാധനയും നടക്കുകയില്ല.*(അസ്സീറത്തുന്നബ്വിയ്യ ലി ഇബ്നി ഹിശാം പേജ് 760-761, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)(ഫർഹങ്കെ സീറത്ത് സയ്യിദ് ഫള്ലുർറഹ്മാൻ പേജ് 299, പ്രസാധനം സവാർ അക്കാഡമി കറാച്ചി)(ശറഹ് സർഖാനീ വാല്യം 3 പേജ് 487-490, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്) (അല്ലുഅ്ലുഉൽമക്നൂൻ സീറത്ത് എൻസൈക്ലോപീഡിയ, വാല്യം 9, പേജ് 203-208, ദാറുസ്സലാം)*

അടുത്തത് ഹദ്റത്ത് അംറ് ബിൻ ആസിന്റെ നേതൃത്വത്തിൽ സുവായിലേക്ക് അയക്കപ്പെട്ട സരിയ്യത്താണ്. ഇതും ഹിജ്റ 8 റമളാനിലാണ് നടന്നത്. ഉസ്സ വിഗ്രഹം തകർക്കുന്നതിനുള്ള ദൗത്യത്തോടൊപ്പം, നബിﷺതിരുമേനി ഹദ്റത്ത് അംറ് ബിൻ ആസിനെ സുവായ് വിഗ്രഹത്തെ പൂർണമായി ഇല്ലാതാക്കാൻ വേണ്ടി അയച്ചു. അദ്ദേഹത്തോടൊപ്പം ഏതാനും അനുയായികളും ഉണ്ടായിരുന്നു, എന്നാൽ. അവരുടെ എണ്ണം രേഖപ്പെടുത്തിയിട്ടില്ല.*(അത്ത്വബഖാത്തുൽകുബ്റാ ലിഇബ്നി സഅ്ദ് സരിയ്യ അംറുബ്നൽ ആസ്, ഇലാ സുവാഅ് വാല്യം 2, പേജ് 111, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)(ശറഹ് അല്ലാമ സർഖാനീ അലൽമവാഹിബില്ലദുന്നിയ വാല്യം 3, പേജ് 490, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്)*

സുവാഅ് മദീനയിൽനിന്ന് പടിഞ്ഞാറു ഭാഗത്ത് സമുദ്രതീരത്ത് റുഹാത്വിൽ ഹുദയ്ൽ ഗോത്രക്കാരുടെ വിഗ്രഹമായിരുന്നു. മക്കയിൽ നിന്ന് മൂന്ന് മൈൽ അകലെയായിരുന്നു ഈ സ്ഥലം. ഈ വിഗ്രഹം ഒരു സ്ത്രീയുടെ രൂപത്തിലായിരുന്നു, ആളുകൾ അതിനെ ബഹുമാനിക്കുകയും പ്രദക്ഷിണം ചെയ്യുകയും ചെയ്തിരുന്നു. അതിന്റെ കാവൽക്കാർ ജുദയ്ലിന്റെ തന്നെ ഒരു ശാഖയായ ബനൂ ലഹ്യാൻ ആയിരുന്നു. *(ഫർഹങ്കെ സീറത്ത് പേജ് 136, പ്രസാധനം സവാർ അക്കാഡമി കറാച്ചി)(ശറഹ് അല്ലാമത്തുസ്സർഖാനീ അലൽമവാഹിബില്ലദുന്നിയ വാല്യം 3 പേജ് 490, ദാറുൽകുതുബുൽഇൽമിയ്യ 1996) (അല്ലുഅ്ലുഉൽമക്നൂൻ സീറത്ത് എൻസൈക്ലോപീഡിയ, വാല്യം 9, പേജ് 210, ദാറുസ്സലാം)*

വിശുദ്ധ ഖുർആനിൽ ചില വിഗ്രഹങ്ങളെ പേരെടുത്ത് പരാമർശിച്ചിട്ടുണ്ട്, ഈ വിഗ്രഹത്തെ കുറിച്ചും ഇതിൽ പ്രതിപാദ്യമുണ്ട്. സൂറത്ത് നൂഹിൽ ഇപ്രകാരം വരുന്നു: **വ ഖാലൂ ലാ തദറുന്ന ആലിഹത്തക്കും വലാ തദറുന്ന വദ്ദൻവ്വലാ സുവാഅൻ വ്വലാ യഗൂഥാ വ യഊഖ വ നസ്റൻ**(71:24)

അവർ (പരസ്പരം) പറഞ്ഞു: നിങ്ങളുടെ ദൈവങ്ങളെ നിങ്ങളൊരിക്കലും ഉപേക്ഷിക്കരുത്; അതായത് വദ്ദനേയു സുവാഅനേയും യഗൂഥിനേയും യഊഖിനേയും നസ്റനേയും!

ഹദ്റത്ത് ഇബ്നു അബ്ബാസിൽ നിന്നുള്ള ഒരു നിവേദന പ്രകാരം, നൂഹിന്റെ സമൂഹത്തിൽ ഉണ്ടായിരുന്ന ആ വിഗ്രഹങ്ങൾ പിന്നീട് അറബികളിലേക്കെത്തിയതാണ്. വദ്ദ് എന്ന വിഗ്രഹം ദൗമത്തുൽ ജൻദലിൽ താമസിച്ചിരുന്ന കൽബ് ഗോത്രത്തിന്റേതായിരുന്നു. സുവാഅ് എന്ന വിഗ്രഹം ഹുദയ്ൽ ഗോത്രത്തിന്റേതായിരുന്നു. യഗൂഥ്, മുറാദ് ഗോത്രത്തിന്റേതായിരുന്നു. പിന്നീട് അത് സബ നഗരത്തിനടുത്ത് ജുർഫിൽ താമസിച്ചിരുന്ന ബനൂ ഗുത്വയ്ഫിന്റേതായി. യഊഖ്, ഹംദാൻ ഗോത്രത്തിന്റേതായിരുന്നു, നസ്ർ ദിൽ-ഖലാഇന്റെ സന്തതികളായിരുന്ന ഹുമയ്ർ ഗോത്രത്തിന്റേതായിരുന്നു. വാസ്തവത്തിൽ, ഈ പേരുകളെല്ലാം ഹദ്റത്ത് നൂഹിന്റെ സമൂഹത്തിലെ ഏതാനും സദ്വൃത്തന്മാരുടെതായിരുന്നു. അവർ മരിച്ചപ്പോൾ, അവർ ഇരുന്നിരുന്ന സ്ഥലങ്ങളിൽ അവരുടെ പേരിൽ പ്രതിമകൾ സ്ഥാപിച്ച് ആരാധിക്കാൻ തുടങ്ങുകയും ചെയ്തു. എന്നാൽ, അവർ മരിച്ചപ്പോൾ, അവരെക്കുറിച്ചുള്ള യഥാർഥ വിവരങ്ങളില്ലാതായി. ആ വ്യക്തികളെ ആദ്യകാലത്ത് പൂജിക്കാറുണ്ടായിരുന്നില്ല. പിൽക്കാലത്ത് ആളുകൾ ആ വിഗ്രഹങ്ങളെ അവരുടെ പേരുവച്ച് ആരാധിക്കാൻ തുടങ്ങി. *(സ്വഹീഹ് ബുഖാരി, കിതാബുത്തഫ്സീർ ഹദീഥ് 4920, മുത്തർജിം ഹദ്റത്ത് സയ്നുൽആബ്ദീൻ വലിയുല്ലാഹ് ശാഹ് സാഹിബ്, വാല്യം 12, പേജ് 293-294)*

ഹദ്റത്ത് അംറ് ബിൻ ആസ്ؓ റുഹാത്വ എന്ന സ്ഥലത്ത് സുവായിനടുത്തെത്തിയപ്പോൾ അവിടെ വച്ച് അതിന്റെ പൂജാരിയെ കണ്ടുമുട്ടി. അദ്ദേഹം പൂജാരിയോട് പറഞ്ഞു, താൻ നബിﷺതിരുമേനിയുടെ ആജ്ഞപ്രകാരം ഈ വിഗ്രഹം തകർക്കാൻ വന്നതാണെന്ന്. അയാൾ മറുപടി പറഞ്ഞു: നിങ്ങൾക്ക് അത് തകർക്കാനൊരിക്കലും സാധിക്കില്ല. അദ്ദേഹം കാരണം തിരക്കിയപ്പോൾ പൂജാരി പറഞ്ഞു: “നിങ്ങൾ നിശ്ചയമായും തടയപ്പെടും.” അപ്പോൾ ഹദ്റത്ത് അംറ്ؓ പറഞ്ഞു: “നിങ്ങളുടെ കാര്യം കഷ്ടം തന്നെ, ഇതിന് കേൾക്കാനും കാണാനും കഴിയുമോ?” അതിനുശേഷം അദ്ദേഹം മുന്നോട്ടുച്ചെന്ന് വിഗ്രഹം തകർത്തു. തന്റെ അനുയായികളോട് അതിനടുത്തുള്ള കുടിൽ നശിപ്പിക്കാൻ ആവശ്യപ്പെട്ടു. അവർ അതും നശിപ്പിച്ചു. പിന്നീട് അദ്ദേഹം പൂജാരിയോടു ഇനി പറയൂ എന്ന് പറഞ്ഞു. തന്റെ ദൈവത്തിന്റെ ഈ അവസ്ഥ കണ്ടപ്പോൾ അയാൾ ഉടൻതന്നെ പറഞ്ഞു: ഞാൻ അല്ലാഹുവിനെ അനുസരിക്കുന്നു, ഇസ്ലാം സ്വീകരിക്കുന്നു.*(അത്ത്വബഖാത്തുൽ കുബ്റാ ഭാഗം 2, പേജ് 111, ബാബ് സരിയ്യത്ത് അംറുബ്നുൽആസ്വി, ഇലസ്സുവാഅ്, ദാറുഅഹ്യാഉത്തുറാഥുൽഅറബി, ബെയ്റുത്ത്) ശറഹ് അല്ലാമത്തുസ്സർഖാനീ വാല്യം 3 പേജ് 490, ബാബ് ഹദമ മനാത്ത്, ദാറുൽകുതുബുൽഇൽമിയ്യ 1996)(അല്ലുഅ്ലുഉൽ മക്നൂൻ സീറത്ത് എൻസൈക്ലോപീഡിയ, വാല്യം 9, പേജ് 210, ദാറുസ്സലാം)*

ഈ സംഭവത്തിൽനിന്ന്, പൂജാരിയെ അല്ലെങ്കിൽ വേറെയാരയോ കൊലപ്പെടുത്തിയെന്ന് മുമ്പേ വിവരിച്ച കഥ സംശയാസ്പദമാണെന്ന് സ്ഥിരീകരിക്കപ്പെടുന്നു.

ഹദ്റത്ത് ഖാലിദ് ബിൻ വലീദിന്റെ നേതൃത്വത്തിൽ ബനൂ ജദീമയിലേക്കുള്ള സൈനികനീക്കം. ഇത് ഹിജ്റ എട്ടിൽ ശവ്വാൽമാസത്തിലാണ് നടന്നത്. മക്കയുടെ വിജയത്തിനുശേഷം ഹദ്റത്ത് ഖാലിദ് ബിൻ വലീദ് ഉസ്സ വിഗ്രഹം തകർത്ത് മടങ്ങിവന്നപ്പോൾ, നബിﷺതിരുമേനി അദ്ദേഹത്തെ ജദീമ ഗോത്രത്തിലേക്ക് അയച്ചു. ഈ ഗോത്രം ബനൂ കിനാനയുടെ ഒരു ശാഖയായിരുന്നു, മക്കയുടെ യലംലം ഭാഗത്താണ് അവർ താമസിച്ചിരുന്നത്. നബി ﷺതിരുമേനി ഹദ്റത്ത് ഖാലിദിനോടുؓ ഈ ഗോത്രത്തെ ഇസ്ലാമിലേക്ക് ക്ഷണിക്കാൻ ആവശ്യപ്പെട്ടു, അവരുമായി യുദ്ധം ചെയ്യരുതെന്നും പ്രത്യേകം പറഞ്ഞു. യുദ്ധം ചെയ്യരുതെന്നത് നബിﷺതിരുമേനിയുടെ ഒരു അടിസ്ഥാന തത്ത്വമായിരുന്നു. ഇക്കാര്യം എപ്പോഴും ഓർമിക്കേണ്ടതാണ്. ഹദ്റത്ത് ഖാലിദ് ബിൻ വലീദ് മുഹാജിറുകളുടെയും അൻസ്വാറിന്റേയും ബനൂ സുലയ്മിന്റെയും 350 പേരുള്ള ഒരു സംഘത്തോടൊപ്പം യാത്ര തിരിച്ചു. *(അത്ത്വബഖാത്തുൽ കുബ്റാ ഭാഗം 2, പേജ് 112, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)*

ഹദ്റത്ത് ഖാലിദ് അവിടെയെത്തിയപ്പോൾ, ആളുകൾ ആക്ര

മിക്കാൻ സന്നദ്ധരായ പോലെ ആയുധമണിഞ്ഞാണ് നിന്നിരുന്നത്. ഹദ്റത്ത് ഖാലിദ് അവരോട് ആയുധം താഴെയിടാൻ പറഞ്ഞു. ആളുകൾ ഇസ്‌ലാം സ്വീകരിച്ചുകഴിഞ്ഞിരുന്നു. ഖാലിദിന്റെ വാക്കുകൾ കേട്ടപ്പോൾ, ജഹ്ദം എന്നൊരാൾ എഴുന്നേറ്റ് തന്റെ ഗോത്രത്തോടു പറഞ്ഞു: "ഹേ ബനൂ ജദീമ, ആയുധം താഴെ വെക്കരുത്. ഇത് ഖാലിദാണ്, ആയുധം താഴെ വെച്ചാൽ നിങ്ങൾ അറസ്റ്റ് ചെയ്യപ്പെടുകയും കൊല്ലപ്പെടുകയും ചെയ്യും, അതിനാൽ ഞാനെന്തായാലും ആയുധം വെക്കില്ല. ഇതിനുശേഷം, മറ്റാളുകൾ ഹദമിനെ പറഞ്ഞുമനസ്സിലാക്കാനായി പറഞ്ഞു: നിങ്ങളെന്തിനാണ് ഞങ്ങളെ രക്തച്ചൊരിച്ചിലിന് പ്രേരിപ്പിക്കുന്നത്? ആയുധം താഴെ വെക്കുക, ആളുകൾ അയാളെ ബോധ്യപ്പെടുത്തുകയും അയാളിൽ നിന്ന് ആയുധം വാങ്ങുകയും ചെയ്തു. ആയുധം താഴെ വെച്ചതിനുശേഷം ആ ആളുകളെ തടവിലാക്കിയെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. ഓരോ മുസ്‌ലിമിനും ഒന്നോ രണ്ടോ തടവുകാരെ നല്കി. അവർ രാത്രി മുഴുവൻ തടവിൽ കഴിഞ്ഞു.*(അസ്സീറത്തുന്നബ്വിയ്യ ലി ഇബ്നി ഹിശാം പേജ് 755, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)(സീറത്ത് എൻസൈക്ലോപീഡിയ വാള്യം 9, പേജ് 215, ദാറുസ്സലാം)*

ഒരുപക്ഷേ, അവർ ആയുധം എടുത്തതുകൊണ്ടായിരിക്കണം അവരെ തടവിലാക്കിയത്, അവരുടെ ഉദ്ദേശ്യം എന്താണെന്ന് അറിഞ്ഞിരുന്നില്ല. എന്തായാലും, ഒരു റിപ്പോർട്ട് അനുസരിച്ച്, ഹദ്റത്ത് ഖാലിദ് അവിടെയെത്തി അവരെ ഇസ്‌ലാമിലേക്ക് ക്ഷണിച്ചപ്പോൾ അവർ അസ്‌ലംനാ (ഞങ്ങൾ ഇസ്‌ലാം സ്വീകരിച്ചു) എന്ന് പറഞ്ഞു. അവർ അസ്‌ലംനാ എന്നതിനുപകരം സ്വബ്അനാ സ്വബ്അനാ (ഞങ്ങൾ ഞങ്ങളുടെ മതമുപേക്ഷിച്ചു) എന്ന് പറയാൻ തുടങ്ങി. ഇത് ഹദ്റത്ത് ഖാലിദിനെ തെറ്റുധരിപ്പിച്ചു. അവർ മുസ്‌ലിമീങ്ങളല്ലെന്ന് കരുതി അവരെ കൊല്ലാൻ അദ്ദേഹം ഉത്തരവിട്ടു. *(സ്വഹീഹ് ബുഖാരി, കിതാബുൽ മഗാസി, നിവേദനം 4339).* ഈ വ്യാഖ്യാനമാണ് അവതരിപ്പിക്കപ്പെടുന്നത്.

ഇബ്നു സഅ്ദ്ؓ പറയുന്നു: ഖാലിദ് അവരെ സമീപിച്ചപ്പോൾ, നിങ്ങളേതു മതത്തിലാണെന്ന് അവരോടു ചോദിച്ചു. അവർ മറുപടി പറഞ്ഞു: ഞങ്ങൾ മുസ്‌ലിമീങ്ങളാണ്, ഞങ്ങൾ നമസ്കരിക്കുന്നു.' ഹദ്റത്ത് ഖാലിദ് ചോദിച്ചു: 'പിന്നെന്തിനാണ് നിങ്ങൾ ആയുധം ധരിച്ചിരിക്കുന്നത്?' അവർ പറഞ്ഞു: 'ഞങ്ങളും ചില അറബ് ഗോത്രങ്ങളും തമ്മിൽ ശത്രുതയുണ്ടായിരുന്നു, അതുകൊണ്ട് നിങ്ങൾ ആ ശത്രുക്കളാണെന്ന് ഞങ്ങൾക്ക് ആശങ്കയുണ്ടായി.' *(അത്ത്വബഖാത്തുൽകുബ്റാ ലി ഇബ്നി സഅ്ദ് വാള്യം 2, പേജ് 112, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)*

ഇതിനെന്തെങ്കിലും ന്യായീകരണം നൽകേണ്ടതുമുണ്ട്. ഈ സ്ഥിതിഗതികളിൽനിന്ന് ഹദ്റത്ത് ഖാലിദ് കൂടുതൽ ജാഗരൂകനായെന്നും അവരുടെ കാര്യത്തിൽ അദ്ദേഹത്തിന്റെ മനസ്സിൽ ചില സംശയങ്ങളും ആശങ്കകളും ഉടലെടുത്തുവെന്നും മനസ്സിലാക്കാം. എന്തായാലും, നിവേദനങ്ങളിൽ നിന്ന് മനസ്സിലാകുന്നത് ഈ തടവുകാർ നമസ്കരിക്കുകയും പ്രത്യക്ഷത്തിൽ മുസ്‌ലിമീങ്ങളായി കാണപ്പെടുകയും ചെയ്തിരുന്നുവെന്നാണ്. എന്നാൽ, ചില തടവുകാർ, പ്രത്യേകിച്ച് ധിക്കാരം പ്രകടിപ്പിച്ചിരുന്ന ഹദമിനെയും അവനെ അനുകൂലിച്ചിരുന്ന സിൽബന്ദികളെയും പോലുള്ളവരെ കുറിച്ച് ഹദ്റത്ത് ഖാലിദിന് ഉറപ്പില്ലായിരുന്നു. അവർ സ്വബഅ്നാ സ്വബഅ്നാ എന്ന് പറഞ്ഞത് അദ്ദേഹത്തെ ജാഗ്രതപ്പെടുത്തുകയാണ് ചെയ്തത്. അതിനാൽ ഒരു രാത്രിയുടെ അവസാന യാമത്തിൽ ഈ തടവുകാരെ കൊല്ലുന്നതാണ് ഉചിതമെന്ന് അദ്ദേഹം ഉത്തരവിട്ടു. ഇതുകേട്ട് ചില മുസ്‌ലിമീങ്ങൾ തങ്ങളുടെ തടവുകാരെ കൊന്നു. എന്നാൽ, പഴയ മുസ്‌ലിമീങ്ങളായ മുഹാജിറുകളുടേയും അൻസ്വാറിന്റേയും സംഘം ഖാലിദിന്റെ ഈ അഭിപ്രായത്തോടു യോജിച്ചില്ല. അവർ തങ്ങളുടെ തടവുകാരെ കൊന്നില്ല. അൻസ്വാറിന്റെ നേതാവായ അബു ഉസയ്ദ് സായിദി, ഹദ്റത്ത് ഖാലിദ് ബിൻ വലീദിന്റെ അടുത്തുപോയി അവർ മുസ്‌ലിമീങ്ങളാണെന്ന് അദ്ദേഹത്തോടു പറഞ്ഞു. ഇവരെ കൊല്ലുന്നത് ശരിയല്ലെന്നും പറഞ്ഞു. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമർ, ഹദ്റത്ത് സാലിം മൗലാ അബൂ ഹുദയ്ഫ എന്നിവരും ഹദ്റത്ത് ഖാലിദിന്റെ അഭിപ്രായത്തോടു യോജിച്ചില്ല. അവർ തങ്ങളുടെ സുഹൃത്തുക്കളെ അവരവരുടെ തടവുകാരെ കൊല്ലുന്നതിൽനിന്ന് തടഞ്ഞു. സ്വതന്ത്രരാക്കപ്പെട്ട ഈ തടവുകാരിൽ ഒരാൾ മദീനയിലെത്തി നബിﷺതിരുമേനിയുടെ അടുത്ത് സ്ഥിതിഗതികൾ വിവരിച്ചു. നബിﷺതിരുമേനി ചോദിച്ചു: 'ഖാലിദിന്റെ തീരുമാനത്തെ ആരെങ്കിലും എതിർത്തിരുന്നോ, അല്ലെങ്കിൽ തടഞ്ഞിരുന്നോ?' അയാൾ പറഞ്ഞു: 'വെളുത്ത നിറവും ഇടത്തരം ഉയരവുമുള്ള ഒരാളും ഉയരം കൂടിയ ഒരാളുമുണ്ടായിരുന്നു, അവർ ഖാലിദിനോടു സംസാരിച്ചു. ഒരാൾ അൽപ്പം രൂക്ഷമായ സ്വരത്തിൽ സംസാരിച്ചു. ആ സമയത്ത് സദസ്സിലുണ്ടായിരുന്ന ഹദ്റത്ത് ഉമർؓ, നബിﷺതിരുമേനിയോടു പറഞ്ഞു: അല്ലാഹുവിന്റെ ദൂതരേ! ഒരാൾ എന്റെ മകൻ അബ്ദുല്ലാഹ് ആയിരുന്നു. പൊക്കം കൂടിയ വ്യക്തി ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമറായിരുന്നു. രണ്ടാമത്തെയാൾ സാലിം മൗലാ അബൂ ഹുദയ്ഫയായിരുന്നു. *(അല്ലുഅ്ലുഉൽ മക്നൂൻ സീറത്ത് എൻസൈക്ലോപീഡിയ, വാള്യം 9, പേജ് 215, ദാറുസ്സലാം) (അസ്സീറത്തുന്നബവിയ്യ ലി ഇബ്നി ഹിശാം പേജ് 756, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)*

ഈ സംഭവം മുഴുവനും അറിഞ്ഞപ്പോൾ നബിﷺതിരുമേനിക്ക് വലിയ ദുഃഖമുണ്ടായി. നബിﷺ തിരുമേനി പറഞ്ഞു: "അവരെ കൊല്ലാൻ ഞാൻ ഖാലിദിനോടു കൽപ്പിച്ചിട്ടില്ല. അവരെ ഇസ്‌ലാമിലേക്ക് ക്ഷണിക്കാൻ മാത്രമാണ് ഞാൻ പറഞ്ഞത്." തുടർന്ന് നബിﷺതിരുമേനി തന്റെ കൈകളുയർത്തിക്കൊണ്ട് രണ്ടുതവണ അല്ലാഹുവിനോടു പറഞ്ഞു: **അല്ലാഹുമ്മ ഇന്നീ അബ്റഉ ഇലയ്ക്ക മിമ്മാ സ്വനഅ ഖാലിദുൻ**

"അല്ലാഹുവേ, ഖാലിദ് ചെയ്ത കാര്യത്തിൽ എനിക്ക് ഉത്തരവാദിത്വമില്ലെന്ന് ഞാൻ നിന്നോടു വെളിപ്പെടുത്തുകയാണ്." ഇപ്രകാരം നബിﷺതിരുമേനി ഖാലിദ് ബിൻ വലീദിനോടുള്ള അതൃപ്തി പ്രകടിപ്പിച്ചു, കാരണം അദ്ദേഹം ധിറുതിപ്പെട്ടാണ് പ്രവർത്തിച്ചത്. അദ്ദേഹം ശരിയായ അന്വേഷണം നടത്തേണ്ടതായിരുന്നു.*(അല്ലുഅ്ലുഉൽ മക്നൂൻ സീറത്ത് എൻസൈക്ലോപീഡിയ വാള്യം 9, പേജ് 217, ദാറുസ്സലാം) (സ്വഹീഹുൽബുഖാരി കിതാബുൽ മഗാസി ഹദീഥ് 4339)*

പിന്നീട്, നബിﷺതിരുമേനി ബനൂ ജദീമയുടെ കൊലചെയ്യപ്പെട്ടവരുടെ ദിയത്ത്(ദിയാധനം) നല്കാനും മുഴുവൻ കാര്യങ്ങളും അന്വേഷിക്കാനുംവേണ്ടി ഹദ്റത്ത് അലിയെ അങ്ങോട്ട് അയച്ചു. ഹദ്റത്ത് അലിؓഅവിടെ പോയി കൊല്ലപ്പെട്ടവരുടെ അവകാശികൾക്ക് നഷ്ടപരിഹാരം നല്കി. മുസ്‌ലിമീങ്ങൾ പിടിച്ചെടുത്ത അവരുടെ സ്വത്തുക്കൾ മുഴുവൻ അവർക്ക് തിരികെ നല്കി. ഒരു നായ വെള്ളം കുടിച്ചിരുന്ന മരപ്പാത്രംപോലും അവർക്ക് തിരികെ നല്കി. എല്ലാ ദിയത്തും മറ്റും നല്കിയശേഷം ഹദ്റത്ത് അലിയുടെ കയ്യിൽ കുറച്ചുപണം ബാക്കിയുണ്ടായിരുന്നു. അദ്ദേഹം ബനൂ ജദീമയിലെ ആളുകളോടു ചോദിച്ചു: 'ഇനിയും ആർക്കെങ്കിലും നഷ്ടപരിഹാരം കിട്ടാനുണ്ടോ?' ഇല്ലെന്ന് എല്ലാവരും പറഞ്ഞു. അപ്പോൾ ഹദ്റത്ത് അലി ബാക്കിയുണ്ടായിരുന്ന പണം മുഴുവൻ അവർക്ക് നല്കി, ഇത് നബിﷺ തിരുമേനിയുടെ ഭാഗത്തുനിന്ന് ഒരു മുൻകരുതലെന്ന നിലയിൽ നല്കുകയാണെന്നും, അല്ലാഹുവിന്റെ ദൂതനോ നിങ്ങൾക്കോ അറിയാത്ത ഏതെങ്കിലും നഷ്ടം സംഭവിച്ചിട്ടുണ്ടെങ്കിൽ അതിന് വേണ്ടിയാണെന്നും പറഞ്ഞു. ഹദ്റത്ത് അലിؓമടങ്ങിയെത്തി നബിﷺതിരുമേനിക്ക് മുഴുവൻ റിപ്പോർട്ടും സമർപ്പിച്ചു. അവരുടെ ചെറിയ സാധനങ്ങൾപോലും തിരികെ നൽകിയെന്നും ബാക്കി വന്ന പണം മുഴുവൻ അവർക്ക് കൊടുത്തെന്നും പറഞ്ഞു. ഇതു കേട്ട് നബിﷺതിരുമേനി വളരെ സന്തോഷവാനായി. ഹദ്റത്ത് അലിയോട് പറഞ്ഞു: 'അസ്വബ്ത വ അഹ്സൻത' (നീയെല്ലാം ശരിയായി ചെയ്തു, എല്ലാം നന്നായി ചെയ്തു). ഈ സംഭവത്തിന് മുമ്പേ, നബിﷺതിരുമേനി ഒരു സ്വപ്നം കണ്ടിരുന്നു, അത് സീറത്ത് ഇബ്നു ഹിശാമിൽ പരാമർശിച്ചിട്ടുണ്ട്. നബിﷺതിരുമേനി പറഞ്ഞു: 'ഞാൻ ഒരു സ്വപ്നം കണ്ടു, ഹീസ് അഥവാ ഈത്തപ്പഴവും പനീറും നെയ്യും ചേർത്ത ഒരു ഭക്ഷണം ഞാൻ കഴിച്ചു. ഞാൻ അതിൽ നിന്ന് ഒരു ഉരുളയെടുത്തു, അതിന്റെ രുചി എനിക്ക് വളരെ ഇഷ്ടപ്പെട്ടു, പക്ഷേ, അത് വിഴുങ്ങിയപ്പോൾ അതിന്റെ കുറച്ചു ഭാഗം എന്റെ തൊണ്ടയിൽ കുടുങ്ങി. അപ്പോൾ അലി കൈയിട്ട് അത് പുറത്തെടുത്തു.' ഹദ്റത്ത് അബൂബക്ർؓഈ സ്വപ്നത്തെ വ്യാഖ്യാനിച്ചുകൊണ്ട് പറഞ്ഞു: "അല്ലാഹുവിന്റെ ദൂതരേ, ഇത് അങ്ങ് അയക്കാൻ പോകുന്ന ഒരു സൈനിക നീക്കത്തെക്കുറിച്ചാണ്. അതിന്റെ ചില കാര്യ

ങ്ങൾ അങ്ങയ്ക്ക് ഇഷ്ടമാകും. ചിലത് എതിർപ്പുണ്ടാക്കും. പിന്നീട് അങ്ങ് അലിയെ അയക്കും, അദ്ദേഹം അത് എളുപ്പമാക്കും, അതായത് കാര്യങ്ങൾ ശരിയാക്കും."*(അസ്സീറത്തുന്നബ്‌വിയ്യ ലി ഇബ്നി ഹിശാം, പേജ് 756, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റൂത്ത്)(സ്വഹീഹ് മുസ്‌ലിം മുത്തർറജിം, വഹീദുസ്സമാൻ വാല്യം 3, പേജ്152)*

അങ്ങനെ ഈ സൈനിക നീക്കത്തിന്റെ സംഭവത്തിലൂടെ ആ സ്വപ്നം പൂർത്തിയായി. ബുഖാരിയുടെ വ്യാഖ്യാതാവും ജമാഅത്തിലെ അറിയപ്പെടുന്ന പണ്ഡിതനുമായ സയ്യിദ് സയ്നുൽ ആബിദീൻ വലിയുല്ലാഹ് ശാഹ് സാഹിബ് ഈ സംഭവവും റിപ്പോർട്ടുകളും വിശകലനം ചെയ്തുകൊണ്ട് എഴുതുന്നു:

"ത്വബഖാത്ത് ഇബ്നു സഅ്ദിലും സീറത്ത് ഇബ്നു ഹിശാമിലും ഈ ദൗത്യത്തെക്കുറിച്ച് പരാമർശമുണ്ട്. മക്കാവിജയത്തിനുശേഷം നബിﷺതിരുമേനി പല പ്രദേശങ്ങളിലേക്കും സൈന്യങ്ങളെ അയച്ചു. വിവിധ ഗോത്രങ്ങൾക്ക് ഇസ്‌ലാമിനോടുള്ള താൽപര്യം അറിയുന്നതിനായിരുന്നു അത്. അല്ലാതെ അവരെ നിർബന്ധിച്ച് മുസ്‌ലിമീങ്ങളാക്കാൻ വേണ്ടിയായിരുന്നില്ല. അങ്ങനെ ഹദ്റത്ത് ഖാലിദ് ബിൻ വലീദിനെ ബനൂ ജദീമയിലേക്ക് അയച്ചതും ഇതേ ഉദ്ദേശ്യത്തോടെയായിരുന്നു. ത്വബഖാത്ത് ഇബ്നു സഅ്ദിൽ ഈ വാചകങ്ങൾ വളരെ വ്യക്തമാണ്:

ബഅഥഹു ഇലാ ബനീ ജദീമത്ത ദാഇയൻ ഇലൽ ഇസ്‌ലാമി വലം യബ്അഥ്ഹു മുഖാത്തിലാ അതായത് നബിﷺതിരുമേനി അദ്ദേഹത്തെ ബനൂജദീമയിൽ അവരെ ഇസ്‌ലാമിലേക്ക് ക്ഷണിക്കാൻ വേണ്ടി അയച്ചു. യുദ്ധം ചെയ്യാൻ വേണ്ടിയായിരുന്നില്ല. നബിﷺ തിരുമേനി 350 മുഹാജിറുകളുടെയും അൻസ്വാറിന്റേയുംകൂടെ ഹദ്റത്ത് ഖാലിദ് ബിൻ വലീദിനെ ഹിജ്റ എട്ട് ശവ്വാൽമാസത്തിൽ മക്കയ്ക്കടുത്തുള്ള യലംലമിൽ താമസിക്കുന്ന ബനൂകിനാന ഗോത്രമായ ബനൂജദീമയുടെ അടുത്തയച്ചു. അവരുമായി യുദ്ധം ചെയ്യാനല്ല, മറിച്ച് അവരെ ഇസ്‌ലാമിലേക്ക് ക്ഷണിക്കാനായിരുന്നു. ഈ ഗോത്രം ഇസ്‌ലാമിനോട് താൽപ്പര്യമുള്ളവരായിരുന്നു. ഈ ദൗത്യത്തെ യൗമുൽ ഗുമയ്സ്വാഅ് എന്നും വിളിക്കുന്നു. ഗുമയ്സ്വാഅ് എന്നാൽ, നീരുറവയിൽനിന്ന് വരുന്ന വെള്ളം എന്നാണ് അർഥം. ബനൂ ജദീമ താമസിച്ചിരുന്ന മക്കയ്ക്കടുത്തുള്ള ഒരു സ്ഥലമായിരുന്നു അത്. ഈ സംഭവത്തിന്റെ നിവേദകനായ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമർؓഈ ദൗത്യത്തിലുണ്ടായിരുന്നു. അദ്ദേഹത്തിന്റെ വിവരണം വളരെ സംക്ഷിപ്തമാണ്. ഇബ്നു ഇസ്ഹാഖ്ؓസംഭവത്തെ വിശദമായി വിവരിക്കുന്നുണ്ട്. അതിൽനിന്ന് മനസ്സിലാകുന്നത്, ബനൂ ജദീമയുടെ ഒരു പ്രത്യേക വിഭാഗം ഇസ്‌ലാം സ്വീകരിക്കാൻ വിസമ്മതിച്ചു. എന്നാൽ, ഭൂരിഭാഗം പേരും മുസ്‌ലിമീങ്ങളായിരുന്നു. ഇസ്‌ലാം സ്വീകരിക്കാൻ വിസമ്മതിച്ചവർ ആയുധമണിഞ്ഞ് യുദ്ധം ചെയ്യാൻ തുടങ്ങി. അതിനാൽ ഹദ്റത്ത് ഖാലിദ് ബിൻ വലീദ് അവരെ നേരിട്ടു. പരാജയപ്പെട്ടപ്പോൾ അവർ തടവിലാക്കപ്പെട്ടു. അവരിൽ ചിലർ തങ്ങൾ പിടിക്കപ്പെട്ടിരിക്കുന്നുവെന്നുകണ്ട് സ്വബഅ്നാ സ്വബഅ്നാ എന്ന് പറഞ്ഞ് തങ്ങളുടെ ഇസ്‌ലാം പ്രകടിപ്പിക്കാൻ തുടങ്ങി. സ്വബഅ്നാ എന്ന വാക്കിനർഥം ഞങ്ങൾ സ്വാബികൾ (മതം മാറിയവർ) ആയി എന്നാണ്. മക്കയിൽ നബിﷺതിരുമേനിയെ കളിയാക്കി സ്വാബി എന്ന് വിളിച്ചിരുന്നു. ആ മഹാത്മാവ് മതം മാറിയവനാണെന്ന് പറഞ്ഞ് ആളുകളിൽ വെറുപ്പുണ്ടാക്കിയിരുന്നു. എന്തായാലും, യുദ്ധം ചെയ്തവർ തങ്ങളുടെ ഇസ്‌ലാം വ്യക്തമായി പ്രകടിപ്പിച്ചില്ല, പകരം സ്വബഅ്നാ എന്ന വാക്ക് ഉപയോഗിച്ചു. ഈ വാക്കിലൂടെ അവർ യുദ്ധത്തിൽ കൊല്ലപ്പെടാതെ രക്ഷപ്പെടാൻ ശ്രമിച്ചു, പക്ഷേ, അവർക്ക് അത് സാധിച്ചില്ല. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമർؓപറയുന്നു: ഹദ്റത്ത് ഖാലിദ് ബിൻ വലീദിന്റെ നിർദേശമുണ്ടായിട്ടും അവർ തടവുകാരെ കൊന്നില്ല. അവർ നബിﷺതിരുമേനിയോടു സംഭവം വിവരിച്ചപ്പോൾ, അവിടന്ന് കൈകളുയർത്തി ഹദ്റത്ത് ഖാലിദ് ബിൻ വലീദിനോടുള്ള വിയോജിപ്പും അതൃപ്തിയും പ്രകടിപ്പിച്ചു. ഇബ്നു ഇസ്ഹാഖിന്റെയും ഇബ്നു സഅ്ദിന്റെയും വിവരണമനുസരിച്ച്, മുജാഹിദീങ്ങളിൽ ബനൂസലിം, മദ്‌ലജ് ഗോത്രങ്ങളിൽ നിന്നുള്ള പോരാളികളും ഉൾപ്പെട്ടിരുന്നു. ഇവർ ബനൂജദീമയെപ്പോലെ ബനൂകിനാനയുടെ ശാഖയായിരുന്നു. നേരത്തെ ഒരു യുദ്ധത്തിൽ ജദീമയെ തോൽപ്പിച്ചിരുന്നു. ബനൂജദീമ ബനൂസലീമിനെയും മദ്‌ലജിനെയും മുസ്‌ലിം സൈന്യത്തോടൊപ്പം കണ്ടപ്പോൾ അവരെ നേരിടാൻ ആയുധമണിഞ്ഞു. ഹദ്റത്ത് ഖാലിദ് അവരോടു പറഞ്ഞു: 'ഈ ആളുകൾ മുസ്‌ലിമീങ്ങളായി. ഇനി ഈ യുദ്ധമെന്തിനാണ്? ആയുധം താഴെ വെക്കൂ.' നേരത്തെ പറഞ്ഞതുപോലെ, ജഹ്ദം എന്ന നേതാവ് അവരോടു ആയുധം താഴെ വെക്കരുതെന്നും അങ്ങനെയെങ്കിൽ അവർ കൊല്ലപ്പെടുകയോ തടവിലാക്കപ്പെടുകയോ ചെയ്യുമെന്നും ഉപദേശിച്ചു. ഗോത്രത്തിലെ ചിലയാളുകൾ അയാളെ തടഞ്ഞു, എന്തിനാണ് നിങ്ങൾ രക്തച്ചൊരിച്ചിലിന് ശ്രമിക്കുന്നത്? ആളുകൾ മുസ്‌ലിമീങ്ങളായെന്നും പറഞ്ഞു. ഇബ്നു ഹിശാമിന്റെ വിവരണത്തിൽ, ഈ ബനൂകിനാന ഗോത്രങ്ങൾക്കിടയിൽ പഴയ രക്തച്ചൊരിച്ചിലിന്റെ പ്രതികാരമെടുക്കാനുള്ള ആഗ്രഹമുണ്ടായിരുന്നു, അതിന്റെ ഫലമായി ചിലർ യുദ്ധം ചെയ്യുകയും കൊല്ലപ്പെടുകയും തടവിലാക്കപ്പെടുകയും ചെയ്തു. ബനൂസലീമിലെ യോദ്ധാക്കളിൽ ചിലർ ഹദ്റത്ത് ഖാലിദ് ബിൻ വലീദിന്റെ ഉത്തരവ് പ്രകാരം തങ്ങളുടെ തടവുകാരെ കൊല്ലുകയും തങ്ങളുടെ പഴയ പ്രതികാരം വീട്ടുകയും ചെയ്തതായി മനസ്സിലാക്കാം. അവർ തടവുകാരുടെ ഇസ്‌ലാം സ്വീകരണം കാപട്യമാണെന്ന് കരുതി. എന്നാൽ, മുഹാജിറുകളും അൻസ്വാറും ഖാലിദിന്റെ ഈ ഉത്തരവ് അംഗീകരിച്ചില്ല. തടവുകാരെ മേൽപ്പറഞ്ഞ വാക്കിലൂടെ ഇസ്‌ലാം പ്രകടപ്പിച്ചതായി കണക്കാക്കി സ്വതന്ത്രരാക്കി. അവർ തടവുകാരെ കൊല്ലുന്നതിനുപകരം വിട്ടയച്ചു. നബിﷺതിരുമേനിയുടെ വിധി വളരെ വ്യക്തമാണ്. ഉപര്യുക്ത നിവേദനത്തിലെ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമറിന്റെ ؓവിവരണത്തിൽനിന്ന് മനസ്സിലാകുന്നത്, തടവുകാരെ കൊല്ലാനുള്ള ഹദ്റത്ത് ഖാലിദിന്റെ ഉത്തരവ് ഒരു കല്പനയായിരുന്നില്ല. പ്രത്യുത മതപരമായൊരു വിധിയായിരുന്നുവെന്നാണ്. അത് ഭൂരിഭാഗം സ്വഹാബാക്കളും അംഗീകരിച്ചില്ല. അതൊരു കല്പനയായിരുന്നെങ്കിൽ എല്ലാവരും അത് അനുസരിക്കുമായിരുന്നു. എന്നാൽ, വിധി നല്കുന്നതിൽ ഹദ്റത്ത് ഖാലിദിന് ചില കാരണങ്ങളാൽ തെറ്റുപറ്റി. നബി ﷺ തരുമേനി ഖാലിദിന്റെ ഈ തെറ്റിൽ അതീവ ദുഃഖിതനായി. അതിന്റെ നഷ്ടപരിഹാരം നല്കാൻ നബിﷺതിരുമേനി ഹദ്റത്ത് അലിയെ അയച്ചു. അദ്ദേഹം പോയി ഓരോ കുഞ്ഞിന്റെയും ബ്ലഡ്മണി അഥവാ ദിയാധനം നല്കി, നായകൾ കൊല്ലപ്പെട്ടവരുടെ നായകൾക്കുപോലും നഷ്ടപരിഹാരം നല്കി. സീറത്ത് ഇബ്നു ഹിശാമിൽ ഇത് രേഖപ്പെടുത്തിയിട്ടുണ്ട്, കൂടാതെ നിർബന്ധിത ബ്ലഡ്മണിക്ക് പുറമെ അവർക്ക് കൂടുതൽ പണം നല്കുകയും ചെയ്തു. ഇമാം ബാഖിറും ഹദ്റത്ത് അലിമുഖേന നഷ്ടപരിഹാരം നല്കിയതിനെക്കുറിച്ച് പരാമർശിച്ചിട്ടുണ്ട്, യുദ്ധത്തിൽ ഖാലിദ് അവരെ കൊല്ലുകയും തടവിലാക്കുകയും ചെയ്തു. ആയുധം താഴെ വെച്ചതിനുശേഷം അവരെ കൊന്നു എന്നല്ല ഇതിനർഥം. ഇബ്നു സഅ്ദ് ഈ വിഷയത്തിൽ ഉദ്ധരിക്കുന്ന റിപ്പോർട്ടുകളിലൊ

**• ഹദീഥുന്നബ്‌വിﷺ •**

**"അസ്സ്വബ്റു രിളൻ."**
**വിധിയിൽ തൃപ്തിപ്പെടുന്നതിനാണ് ക്ഷമ എന്നു പറയുന്നത്.**

ത്വാലിബെ ദുആ
**C. K.MUHAMMED SHAREEF&FAMILY**
AHMADIYYA JAMA-ATH VANIYAMBALAM,

**• ഹദീഥുന്നബ്‌വിﷺ •**

**"അൽമത്വ്ഊനു ശഹീദുൻ."**
**പ്ലേഗ് ബാധിച്ച് മരിക്കുന്നവൻ ശഹീദാണ്.**

ത്വാലിബെ ദുആ
**LATE T.K.SIDHIQUE AND FAMILY**
KARULAI, MALAPPURAM

ന്ന്, ഇബ്നു ഇസ്ഹാഖിന്റെ റിപ്പോർട്ടനുസരിച്ച്, ആ സൈനിക വിഭാഗത്തിലുണ്ടായിരുന്ന ഹദ്റത്ത് ഇബ്നു അബീഹദ്റദ് അസ്‌ലമിയുടെതാണ്. ഇബ്നു സഅ്ദിന്റെ വിവരണത്തിൽനിന്ന് മനസ്സിലാകുന്നത് ചിലർ യുദ്ധം ചെയ്തു, ബനൂ ജദീമ ആയുധമണിഞ്ഞത് കണ്ടപ്പോൾ ഹദ്റത്ത് ഖാലിദ് അവരോട് ചോദിച്ചു: മാബാലു സ്സിലാഹി അലയ്ക്കും (എന്തിനാണ് നിങ്ങൾക്ക് ആയുധം?). അവർ പറഞ്ഞു: "ഞങ്ങളും ചില അറബ് ഗോത്രങ്ങളും തമ്മിൽ പഴയ ശത്രുതയുണ്ട്, നിങ്ങൾ അവരാണെന്ന് ഞങ്ങൾ ഭയപ്പെട്ടു, അതിനാൽ ഞങ്ങൾ ആയുധമണിഞ്ഞു." ഹദ്റത്ത് ഖാലിദ് അവരെ തടവിലാക്കാൻ ഉത്തരവിട്ടു. അവരുടെ കൈകൾ ബന്ധിച്ച് തന്റെ കൂട്ടുകാർക്കിടയിൽ വിതരണം ചെയ്തു.

ഇമാം ഇബ്നു ഹജർ ഇതുദ്ധരിച്ചുകൊണ്ട് എഴുതിയിരിക്കുന്നു: യുദ്ധം ചെയ്തവർ യുദ്ധത്തിനു ശേഷം സ്വയം കീഴടങ്ങി. ഇമാം ബുഖാരിയുടെ വിവരണത്തിൽ ഹ്രസ്വമായ വിവരണമാണുള്ളത്. കിതാബുൽ മഗാസിയുടെ നിവേദനത്തിൽ വിവരിക്കപ്പെട്ടിട്ടുള്ള സംഭവങ്ങളിലും വ്യക്തമായ വിവരണമില്ല, എന്നാൽ, ഈ പ്രബോധന ദൗത്യത്തിനിടയിൽ നടന്ന ഏറ്റുമുട്ടലിന് ജാഹിലിയ്യ കാലത്തെ രക്തച്ചൊരിച്ചിലുമായി എന്തെങ്കിലും ബന്ധമുണ്ടെന്ന് അത് സൂചിപ്പിക്കുന്നു. സ്വബഅ്നാ എന്ന വാക്കിലെ അഭിപ്രായവ്യത്യാസം കാരണം തടവുകാരെ കൊന്നുവെന്നത് ബുദ്ധിയ്ക്ക് നിരക്കാത്തതാണ്. പ്രത്യേകിച്ചും മുഹാജിറുകളും അൻസ്വാറും ആ വിധിക്കെതിരായിരുന്ന സ്ഥിതിക്ക്. ഖത്വാബി പറയുന്നു: നബിﷺതിരുമേനിയുടെ അല്ലാഹുമ്മ ഇന്നീ അബ്റഉ ഇലയ്ക്ക മിമ്മാ സ്വനഅ ഖാലിദുൻ(അല്ലാഹുവേ, ഖാലിദ് ചെയ്ത കാര്യത്തിൽ എന്റെ നിരപരാധിത്വം ഞാൻ നിന്റെ മുമ്പിൽ പ്രഖ്യാപിക്കുന്നു) എന്ന വാക്യം വ്യക്തമാക്കുന്നത്, ഖാലിദിന്റെ ധിറുതിയിലും സ്വബഅ്നാ എന്ന വാക്കിനെക്കുറിച്ച് അന്വേഷിക്കാതിരുന്നതിലും നബിﷺതിരുമേനിക്ക് അതൃപ്തിയുണ്ടായിരുന്നു എന്നാണ്. സ്വബഅ്നാ എന്ന് പറഞ്ഞവരുടെ ഉദ്ദേശ്യമെന്താണെന്ന് പൂർണമായി അന്വേഷിക്കേണ്ടത് ഹദ്റത്ത് ഖാലിദിന്റെ നിർബന്ധ കടമയായിരുന്നു.

ഇമാം ബാഖിറിന്റെ നിവേദനത്തിൽ, നബിﷺതിരുമേനി ഹദ്റത്ത് അലിؓയെ വിളിച്ച് അവരോടു പറഞ്ഞു: 'നിങ്ങൾ ഈ ആളുകളുടെ അടുത്തുപോയി ജാഹിലിയ്യ കാലത്തെ കാര്യങ്ങൾ ചവിട്ടിമെതിക്കുക. അദ്ദേഹം പോയി ഓരോരുത്തർക്കും ദിയാധനം നല്കി. ഈ റിപ്പോർട്ട് വ്യക്തമാക്കുന്നത്, കൊലപാതകത്തിനുപിന്നിൽ കുടിപ്പകയും ശത്രുതയും പ്രതികാരവുമാണ് പ്രവർത്തിച്ചിരുന്നതെന്നാണ്. അതുകൊണ്ടാണ് നബിﷺതിരുമേനി പഴയ കാര്യങ്ങൾ മറക്കണമെന്ന് പറഞ്ഞത്.'

നബിﷺതിരുമേനി ഒരു ദൗത്യം അയക്കുമ്പോഴെല്ലാം അവർക്ക് നൽകിയിരുന്ന നിർദ്ദേശം യുദ്ധത്തിൽ ധിറുതി കാണിക്കരുതെന്നായിരുന്നു. സാവധാനത്തിലും സൗമ്യമായും പെരുമാറുക. ഏറ്റുമുട്ടുന്നതിനുമുമ്പേ ഇസ്‌ലാമിലേക്ക് അവരെ ക്ഷണിക്കുക. നിയമങ്ങൾ വ്യക്തമാക്കുക, അങ്ങനെ ന്യായപൂർത്തീകരണം വരുത്തുക. ബാങ്ക് വിളി കേൾക്കുന്ന സ്ഥലത്ത് ആക്രമണം പാടില്ല.

മുകളിൽ പറഞ്ഞ സംഭവത്തിൽ, ബനൂ ജദീമ ഗോത്രത്തിൽനിന്നു തന്നെ ഇസ്‌ലാം സ്വീകരിക്കാൻ സന്ദേശം വന്നിരുന്നു. ഈ ദൗത്യം അയച്ചതും ഇതേ ഉദ്ദേശ്യത്തോടെയായിരുന്നുവെന്നും യുദ്ധത്തിനു വേണ്ടിയായിരുന്നില്ലെന്നും വ്യക്തമാക്കിയിട്ടുമുണ്ടായിരുന്നു. ത്വബഖാത്ത് ഇബ്നു സഅ്ദിൽ ഇത് വ്യക്തമാക്കുന്നു. ഹദ്റത്ത് ഖാലിദ് ബിൻ വലീദ് ബനൂ ജദീമയുടെ അടുത്തെത്തിയപ്പോൾ, നിങ്ങൾ ആരാണെന്ന് ചോദിച്ചു. അവർ പറഞ്ഞു: ഞങ്ങൾ മുസ്‌ലിമീങ്ങളാണ്. ഞങ്ങൾ നമസ്കരിക്കുന്നു, മുഹമ്മദിനെﷺ സത്യപ്പെടുത്തിയിരിക്കുന്നു. ഞങ്ങളുടെ വീട്ടുമുറ്റങ്ങളിൽ മസ്ജിദുകൾ പണിയുകയും അതിൽ ബാങ്ക് വിളിക്കുകയും ചെയ്തിട്ടുമുണ്ട്. ഹദ്റത്ത് ഖാലിദ് ചോദിച്ചു: പിന്നെന്തിനാണ് ഈ ആയുധങ്ങൾ? അവർ പറഞ്ഞു: "ഞങ്ങളും ഒരു അറബ് ഗോത്രവും തമ്മിൽ ശത്രുതയുണ്ട്. നിങ്ങൾ അവരാണോയെന്ന് ഞങ്ങൾക്ക് ആശങ്കയുണ്ടായി." ഈ വിശദീകരണത്തിന് ശേഷം അവരുമായി യുദ്ധം ചെയ്യുന്നത് ഒരു തരത്തിലും അനുവദനീയമായിരുന്നില്ല.

യലംലമിനടുത്തുള്ള അവരുടെ താമസം കാരണം പഴയ ശത്രുതയുടെ തീപ്പൊരി ആളിക്കത്തി. അതിന്റെ ഫലമായി ഒരു വിഭാഗവുമായി യുദ്ധം ചെയ്യേണ്ടിവന്നു. യുദ്ധത്തിനുശേഷം സ്വബഅ്നാ എന്ന് പറഞ്ഞ് ഇസ്‌ലാം പ്രഖ്യാപിച്ചവർക്കും ജീവൻ രക്ഷിക്കാൻ കഴിഞ്ഞില്ല. സൈന്യത്തിന്റെ കമാന്ററായ ഹദ്റത്ത് ഖാലിദ് ബിൻ വലീദ് അതുകൊണ്ടാണ് അധിക്ഷേപിക്കപ്പെട്ടത്.

ഇബ്നു ഹിശാം ഹദ്റത്ത് ഖാലിദിനും ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫിനും ഇടയിൽ ഈ സന്ദർഭത്തിലുണ്ടായ തർക്കവും അസ്വാരസ്യവും പരാമർശിക്കുന്നുണ്ട്. ഹദ്റത്ത് അബ്ദുർറഹ്മാൻ അദ്ദേഹത്തോട് പറഞ്ഞു: അമിൽത്ത ബിഅംരിൽ ജാഹിലിയ്യത്തി ഫിൽ ഇസ്‌ലാം (ഇസ്‌ലാമിൽ നിങ്ങൾ ജാഹിലിയ്യത്തിന്റെ കാര്യങ്ങൾ ചെയ്തു). അപ്പോൾ ഹദ്റത്ത് ഖാലിദ് മറുപടി പറഞ്ഞു: ഇന്നമാ തഅ്ർത്ത ബിഅബീക്ക (നീ നിന്റെ പിതാവിന്റെ പ്രതികാരം വീട്ടുകയാണ്). ഹദ്റത്ത് അബ്ദുർറഹ്മാൻ മറുപടി പറഞ്ഞു: അത് ശരിയല്ല, കാരണം എന്റെ പിതാവിന്റെ കൊലയാളിയെകൊന്ന് ഞാൻ പ്രതികാരം വീട്ടിക്കഴിഞ്ഞു. പക്ഷേ, നിങ്ങൾ നിങ്ങളുടെ പിതൃവ്യൻ ഫാക്കിഹ് ബിൻ മുഗീറയുടെ പ്രതികാരം വീട്ടുകയാണ്. പ്രസ്തുത തർക്കംമൂലം ഇരുവരും പരസ്പരം പിണങ്ങി. നബിﷺതിരുമേനി ഈ പിണക്കത്തെക്കുറിച്ച് അറിഞ്ഞപ്പോൾ ഖാലിദിനോട് പറഞ്ഞു:"എന്റെ സ്വഹാബികളെക്കുറിച്ച് അങ്ങനെ കരുതരുത്. അല്ലാഹുവാണെ സത്യം! നിങ്ങൾക്ക് ഉഹുദ് മലയോളം സ്വർണ്ണം ലഭിക്കുകയും നിങ്ങൾ അത് അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുകയും ചെയ്താലും, എന്റെ സ്വഹാബാക്കളിൽ ഒരാൾക്ക് രാവിലെയും വൈകുന്നേരവും അല്ലാഹുവിനെ സ്മരിക്കുന്നതിലൂടെ ലഭിക്കുന്ന സ്ഥാനം നിങ്ങൾക്ക് കരസ്ഥമാക്കാൻ കഴിയില്ല. ഇത് ആദ്യകാല സ്വഹാബാക്കളെക്കുറിച്ചാണ് പറഞ്ഞിട്ടുള്ളത്.

സീറത്ത് ഇബ്നു ഹിശാമിൽ ഇബ്നു ഇസ്ഹാഖിന്റെ ഈ നിവേദനവുമുണ്ട്. അതിൽ ഫാക്കിഹ് ബിൻ മുഗീറ, ഔഫ് ബിൻ അബ്ദ് ഔഫ് സുഹ്രി, അഫ്ഫാൻ ബിൻ അബിൽ ആസ് എന്നിവർ കച്ചവടത്തിന് യമനിൽ പോയി മടങ്ങി വരുമ്പോൾ യമനിൽ മരിച്ച ഒരു ജദീമി വ്യക്തിയുടെ സാധനങ്ങൾ കൊണ്ടുവന്നു. അത് അവന്റെ അനന്തരാവകാശികൾക്ക് നല്കാനായിരുന്നു. ബനൂ ജദീമയിലെ ഖാലിദ് ബിൻ ഹിശാം എന്നൊരാൾ അവരെ വഴിയിൽ കണ്ടുമുട്ടി. ജദീമി വ്യക്തിയുടെ മരണം അറിഞ്ഞപ്പോൾ താനാണ് ആ സാധനങ്ങളുടെ അവകാശിയെന്ന് അയാൾ പറഞ്ഞു, അവർ അത് നല്കാൻ വിസമ്മതിച്ചു. തുടർന്ന് അവർ തമ്മിൽ വഴക്കുണ്ടായി. വഴക്കിൽ ഔഫ് ബിൻ അബ്ദ് ഔഫും ഫാക്കിഹ് ബിൻ മുഗീറയും കൊല്ലപ്പെട്ടു. അഫ്ഫാൻ ബിൻ അബിൽ ആസ്വും അദ്ദേഹത്തിന്റെ മകൻ ഉഥ്മാനും രക്ഷപ്പെട്ടു. അവർ ഫാക്കിഹ് ബിൻ മുഗീറയുടെയും ഔഫ് ബിൻ അബ്ദ് ഔഫിന്റെയും സാധനങ്ങളെടുത്തു. അബ്ദുർറഹ്മാൻ ബിൻ ഔഫിന് അവസരം കിട്ടിയപ്പോൾ ഖാലിദ് ബിൻ ഹിശാമിനെ കൊലപ്പെടുത്തി തന്റെ പിതാവ് ഔഫിന്റെ പ്രതികാരം വീട്ടി. ഈ സംഭവത്തിൽ ഖുറയ്ശികൾക്ക്

**• ഹദീഥുന്നബ്‌വിﷺ •**

**"ലാ വസ്വിയ്യത്ത ഇല്ലാ വാരിഥിൻ."**

**അനന്തരാവകാശികൾക്കുവേണ്ടി വസ്വിയ്യത്ത് ചെയ്യുന്നത് നിഷിദ്ധമാണ്.**

ത്വാലിബെ ദുആ
LATE P.V.SAINAB AND FAMILY
KARULAI, MALAPPURAM

**• ഹദീഥുന്നബ്‌വിﷺ •**

**"ലാ തഉദ് ഫീ സ്വദഖത്തിക്ക."**

**നല്കിയ ധനം തിരിച്ചു വാങ്ങരുത്.**

ത്വാലിബെ ദുആ
PROF.M.K.ABDUL KAREEM AND FAMILY
KARULAI, MALAPPURAM

വലിയ രോഷമുണ്ടായി. അവർ ബനൂ ജദീമയെ ആക്രമിക്കാൻ ശ്രമിച്ചു; തങ്ങളുടെ കൊല്ലപ്പെട്ടവരുടെ സാമ്പത്തിക നഷ്ടത്തിനും പ്രതികാരം വീട്ടാനും വേണ്ടി. അപ്പോൾ ബനൂ ജദീമ പറഞ്ഞു, 'നിങ്ങളുടെ ആളുകളുടെ കൊലപാതകം വ്യക്തിപരമായൊരു കാര്യമാണ്. അതിൽ ഞങ്ങൾക്ക് പങ്കില്ല. അതിനെക്കുറിച്ച് ഞങ്ങൾക്ക് അറിയില്ലായിരുന്നു. ഞങ്ങൾ കൊല്ലപ്പെട്ടവർക്കും സാമ്പത്തിക നഷ്ടത്തിനും നഷ്ടപരിഹാരം നല്കാം. ഖുറയ്ശികൾ അവരുടെ മാപ്പും നിർദേശവും അംഗീകരിച്ചു. സീറത്ത് ഇബ്നു ഹിശാമിൽ ഇത് വിവരിക്കുന്നുണ്ട്.

എന്തായാലും, ഈ സംഭവങ്ങളാണ് ഈ ശത്രുതയുടെ പശ്ചാത്തലം. ശത്രുതയുടെ കാരണങ്ങളിലുള്ള ഒരു സംഭവമാണിത്. ഇതിന്റെ പശ്ചാത്തലത്തിലാണ് ഹദ്റത്ത് ഖാലിദ് ബിൻ വലീദിന് എതിർപ്പുണ്ടായത്.ഈ കാരണത്താൽ സ്വഹാബികൾക്ക് ഹദ്റത്ത് ഖാലിദിന്റെ തീരുമാനത്തിൽ തൃപ്തിയുണ്ടായിരുന്നില്ല. എന്തായാലും ഹദ്റത്ത് ഖാലിദിന് ഒരു ഒഴികഴിവ് പറയാൻ കഴിയുമായിരുന്നില്ല. കാരണം അദ്ദേഹത്തെ ഇസ്‌ലാമിലേക്ക് ക്ഷണിക്കാൻ വേണ്ടി മാത്രമാണ് അയച്ചിരുന്നത്. അതിൽ ഒരു തരത്തിലുള്ള ബലപ്രയോഗവും അനുവദനീയമായിരുന്നില്ല. കൂടാതെ ഭൂരിപക്ഷം സ്വഹാബാക്കളും അദ്ദേഹത്തിന് നല്ല ഉപദേശം നല്കിയിരുന്നു, അത് അദ്ദേഹം സ്വീകരിച്ചില്ല. അങ്ങനെ ബനൂ സലീമിന് രായ്ക്കുരാമാനം തങ്ങളുടെ തടവുകാരെ കൊല്ലാൻ അവസരം ലഭിച്ചു. ഇബ്നു ഇസ്ഹാഖിന്റെ ഒരു നിവേദനത്തിൽ ഹദ്റത്ത് ഖാലിദ് ബിൻ വലീദിന്റെ ഈ ഒഴികഴിവ് രേഖപ്പെടുത്തിയിട്ടുണ്ട്. ആളുകൾ ഇസ്‌ലാം സ്വീകരിക്കാൻ വിസമ്മതിച്ചത് കണ്ടപ്പോൾ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഹുദാഫ സഹമിയുടെ ഉപദേശപ്രകാരം അവരുമായി യുദ്ധം ചെയ്തു. ഈ വിഷയത്തിൽ ഇബ്നു ഇസ്ഹാഖിന്റെ വാക്കുകൾ ഇതാണ്: 'ചിലയാളുകൾ പറയുന്നത് ഹദ്റത്ത് ഖാലിദിനെ ഈ കൊലപാതകത്തിൽ ഒഴികഴിവുള്ളവനാക്കുന്നതാണ്. കാരണം അബ്ദുല്ലാഹ് ബിൻ ഹുദാഫ സഹമി അദ്ദേഹത്തോടു പറഞ്ഞു: 'ഈ ആളുകൾ ഇസ്‌ലാമിൽ നിന്ന് അകന്നുനിന്നാൽ അവരെ കൊല്ലാൻ നബിﷺതിരുമേനി നിങ്ങളോടു കൽപ്പിച്ചിരുന്നു. ഈ ഒഴികഴിവ് ശരിയല്ല, കാരണം ഖാലിദായിരുന്നു അമീർ. അബ്ദുല്ലാഹ് ബിൻ ഹുദാഫ സഹമി ആയിരുന്നില്ല. അറിഞ്ഞോ അറിയാതെയോ ഈ തെറ്റ് സംഭവിച്ചാലും ശരി. എന്തായാലും സൈന്യത്തിന്റെ കമാന്റർ ഈ തെറ്റിന് ഉത്തരവാദിയായിരുന്നു. പ്രത്യേകിച്ചും നബി ﷺതിരുമേനി അന്വേഷണത്തിനുശേഷം ഖാലിദിനോട് കടുത്ത അതൃപ്തിയും അദ്ദേഹത്തിൽനിന്ന് വിടുതൽ പ്രഖ്യാപിക്കുകയും ചെയ്തപ്പോൾ. നബി ﷺതിരുമേനിയുടെ തീരുമാനത്തിനുശേഷം അതിന് ഒഴികഴിവ് കണ്ടുപിടിക്കാൻ ശ്രമിക്കുന്നത് ശരിയല്ല. നബി ﷺതിരുമേനി പറഞ്ഞു: "നിങ്ങൾക്ക് തെറ്റുപറ്റി, അകലം പ്രഖ്യാപിച്ചു, അതു മതി. എന്തായാലും, ഒഴികഴിവ് കണ്ടുപിടിക്കാൻ ശ്രമിച്ചാൽ, ഇസ്‌ലാമിന്റെ മതസ്വാതന്ത്ര്യത്തെക്കുറിച്ചുള്ള അടിസ്ഥാനപരമായ പഠനത്തിന് അത് ദോഷകരമാകും. നബി ﷺതിരുമേനി യുദ്ധം ചെയ്യുന്നവരുമായി മാത്രമേ യുദ്ധം ചെയ്യാൻ അനുവാദം നല്കിയിട്ടുള്ളൂ. ഇസ്‌ലാമിന്റെ പ്രബോധനത്തിൽ മൃദുസമീപനം കാണിക്കാൻ നിർദേശിക്കുകയും ചെയ്തു. മക്കാവിജയത്തിനുശേഷം നബിﷺ തിരുമേനി നിരവധി ദൗത്യസംഘങ്ങളെ അറബ് ഗോത്രങ്ങളിലേക്ക് ഇസ്‌ലാമിലേക്ക് ക്ഷണിക്കാൻ അയച്ചു, അവയുടെ അമീറുമാർക്ക് യുദ്ധം ഒഴിവാക്കാൻ വ്യക്തമായ നിർദേശവും നല്കിയിരുന്നു. ഇസ്‌ലാമിക ചരിത്ര ഗ്രന്ഥങ്ങളിലും കുതുബ് മഗാസിയിലും(യുദ്ധങ്ങൾ സംബന്ധിച്ച ഗ്രന്ഥങ്ങളിലും) ഈ സംഘങ്ങളെ ഇസ്‌ലാമിലേക്ക് ക്ഷണിക്കാൻ വേണ്ടിയാണ് അയച്ചതെന്ന് വ്യക്തമാക്കുന്നുണ്ട്. സീറത്ത് ഇബ്നു ഹിശാമും ത്വബഖാത്ത് ഇബ്നു സഅ്ദും ഇക്കാര്യം മുമ്പേ പറഞ്ഞിട്ടുണ്ട്. അല്ലാമ ത്വബരിയും ഇപ്രകാരം വിശദീകരിക്കുന്നു: "നബി ﷺതിരുമേനി മക്കയുടെ ചുറ്റും സൈനിക സംഘങ്ങളെ അയച്ചു. ആളുകളെ വിഗ്രഹാരാധനയിൽനിന്ന് മാറ്റി അല്ലാഹുവിനെ മാത്രം ആരാധിക്കാൻ ക്ഷണിക്കാൻ വേണ്ടിയായിരുന്നു ഇത്. അവരോട് യുദ്ധം ചെയ്യാൻ ഒരു കാരണവശാലും കൽപ്പിച്ചിരുന്നില്ല.

എന്തായാലും, ഇന്നത്തെ തീവ്രചിന്താഗതിക്കാരായ മൗലവിമാർ ഈ കാര്യങ്ങളെ കൊലയ്ക്കും യുദ്ധത്തിനും ന്യായീകരണമായി ഉപയോഗിക്കുന്നു. പക്ഷേ, നബി ﷺതിരുമേനിയുടെ വ്യക്തമായ അധ്യാപനം, നിങ്ങൾക്കെതിരെ യുദ്ധം ചെയ്യാത്തവരോടു യുദ്ധം ചെയ്യരുത്, അത് ഒരു കുറ്റകരമാണ് എന്നാണ്. ഇമാം ബുഖാരിയുടെ മുകളിലുള്ള റിപ്പോർട്ടും ഇത് സ്ഥിരീകരിക്കുന്നു, ഹദ്റത്ത് ഖാലിദ് ബിൻ വലീദിനെ ഇസ്‌ലാമിലേക്ക് ക്ഷണിക്കാൻ വേണ്ടിയാണ് ബനൂജദീമയുടെ അടുത്തയച്ചത്. ഫ ദആഹും ഇലൽ ഇസ്‌ലാം (അദ്ദേഹം അവരെ ഇസ്‌ലാമിലേക്ക് ക്ഷണിച്ചു) എന്ന് അതിൽ പറയുന്നു. പരിഭ്രാന്തിയിൽ അവർക്ക് തങ്ങൾ ഇസ്‌ലാം സ്വീകരിച്ചിരിക്കുന്നുവെന്ന് ശരിയായി പറയാൻ കഴിഞ്ഞില്ല. പകരം തങ്ങൾ തങ്ങളുടെ മതം ഉപേക്ഷിച്ചുവെന്ന് പറയാൻ തുടങ്ങി. ഈ വാക്ക് മുഴുവൻ ഗോത്രത്തെയും സംബന്ധിച്ചായിരുന്നില്ല, കാരണം അവരിൽ ഭൂരിഭാഗംപേരും മുസ്‌ലിമീങ്ങളായിരുന്നു. മറിച്ച് പ്രതികാരം ചെയ്യപ്പെടുമെന്ന് ഭയപ്പെട്ടിരുന്ന ഒരു പ്രത്യേക കുടുംബത്തെ സംബന്ധിച്ച് മാത്രമായിരുന്നു ഇത്. അതുകൊണ്ടാണ് അവർ ആയുധമണിഞ്ഞ് യുദ്ധം ചെയ്യാൻ തുടങ്ങിയത്. യുദ്ധത്തിൽ പരാജയം കണ്ടപ്പോൾ അവർ സ്വബഅ്നാ എന്ന് പറഞ്ഞ് ഇസ്‌ലാം പ്രഖ്യാപിച്ചു. ഇമാം ബുഖാരിയുടെ റിപ്പോർട്ടിൽ വളരെ സംക്ഷിപ്തമായി പറയുന്നുണ്ട്, അദ്ദേഹത്തിന്റെ സത്യസന്ധതയുടെ മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള റിപ്പോർട്ടുകൾ മാത്രമാണ് അദ്ദേഹം സ്വീകരിച്ചത്. ജഹ്ദം തന്റെ ആളുകളോടു ആയുധം താഴെ വെക്കാതെ യുദ്ധം ചെയ്യണമെന്ന് ഉപദേശിച്ചിരുന്നു. ഇത് മുൻ രക്തച്ചൊരിച്ചിൽ കാരണമുള്ള അയാളുടെ ഭയത്തെ സൂചിപ്പിക്കുന്നു. ഇബ്നു ഇസ്ഹാഖിന്റെ ആദ്യ റിപ്പോർട്ടിൽ അയാളുടെ വാക്കുകൾ ഇപ്രകാരമാണ് രേഖപ്പെടുത്തിയിരിക്കുന്നത്: 'ഓ ബനൂജദീമ, ഓർമ്മിക്കുക, ഇത് ഖാലിദാണ്, ആയുധം താഴെ വെച്ചാൽ തടവും ബന്ധനവും അതിനുശേഷം ഗളഛേദവുമാണ്. അയാളുടെ ഗോത്രത്തിലെ ചിലയാളുകൾ അയാളെ പിടിച്ച് പറഞ്ഞു: 'നിങ്ങളെന്തിനാണ് രക്തച്ചൊരിച്ചിൽ ആഗ്രഹിക്കുന്നത്? ആളുകൾ മുസ്‌ലിമീങ്ങളായി, ആയുധം താഴെ വെച്ചിരിക്കുന്നു. യുദ്ധം അവസാനിച്ചു, സമാധാനാവസ്ഥയുണ്ട്. ആളുകൾ അയാളെ ബോധ്യപ്പെടുത്തുകയും അയാളുടെ കയ്യിൽ നിന്ന് ആയുധം വാങ്ങുകയും ചെയ്തു. ഹദ്റത്ത് ഖാലിദിന്റെ വാക്കുകേട്ട് മറ്റാളുകളും ആയുധം താഴെ വെച്ചു. സീറത്ത് ഇബ്നു ഹിശാമിൽ ഇപ്രകാരമാണ് വന്നിരിക്കുത്.

ഈ വിവരണം വ്യക്തമാക്കുന്നത്, ജഹദമിന്റെ ഭയം അടിസ്ഥാനരഹിതമായിരുന്നില്ലെന്നാണ്. സ്വഹാബാക്കൾ ആ ഗോത്രത്തിലെ പുതിയ മുസ്‌ലിമീങ്ങളെ ഇസ്‌ലാം പഠിപ്പിക്കാൻ വേണ്ടി കുറച്ചുകാലം അവിടെ തങ്ങിയതായി മനസ്സിലാകുന്നുണ്ട്. നിവേദനത്തിൽ **'ഹത്താ ഇദാ കാന യൗമുൻ അമറ ഖാലിദുൻ'** (ഒരു ദിവസം ഖാലിദ് കൽപ്പിച്ചു) എന്ന വാക്കുകൾ സൂചിപ്പിക്കുന്നത്, താമസിക്കുന്നതിനിടയിൽ ഒരു സുഖകരമല്ലാത്ത സാഹചര്യം ഉടലെടുത്തു, അതിന്റെ ഫലമായി ഗോത്രത്തിലെ ചിലയാളുകളുമായി യുദ്ധമുണ്ടായി. അവർ പരാജയപ്പെടുകയും തടവിലാക്ക

• ഹദീഥുന്നബ്‌വിﷺ •

"സ്വൂമൂ തസ്വിഹ്ഹു'
നോമ്പനുഷ്ഠിക്കുക, ആരോഗ്യം നേടുക.

ത്വാലിബെ ദുആ
RAHMAN SHAKEER & FAMILY
AHMADIYYA JAMA-ATH KARULAI, KERALA

• ഹദീഥുന്നബ്‌വിﷺ •

"അൽ അയ്നു ഹഖ്ഖുൻ."
കണ്ണേറ് യാഥാർഥ്യമാണ്.

ത്വാലിബെ ദുആ
P. ABDUL AMEER
AHMADIYYA JAMA-ATH MANJERY, KERALA

പ്പെടുകയും ചെയ്തു. തടവുകാരെ മുജാഹിദീങ്ങളുടെ ചുമതലയിൽ ഏൽപ്പിച്ചപ്പോൾ, ചില വ്യക്തികൾക്ക് പഴയ പ്രതികാരം വീട്ടാൻ അവസരം ലഭിച്ചതിൽ അവർ അവരെ കൊലപ്പെടുത്തിയതാകാനും മതി. ഇബ്നു ഹിശാം ഈ വിഷയത്തിൽ ഇബ്റാഹിം ബിൻ ജഅ്ഫർ മഹ്മൂദിയുടെ നിവേദനത്തിലൂടെ നബിﷺതിരുമേനിയുടെ സ്വപ്നവും ഹദ്റത്ത് അബൂബക്റിന്റെ വ്യാഖ്യാനവും പരാമർശിക്കുന്നുണ്ട്. ഞാൻ മുമ്പേ പറഞ്ഞതുപോലെ, നബി ﷺ തിരുമേനി ഈത്തപ്പഴം, സത്തു, നെയ്യ് എന്നിവയുടെ ഭക്ഷണം കഴിച്ചു. അത് രുചികരമായിരുന്നു, പക്ഷേ, ഒരു ഉരുള തൊണ്ടയിൽ കുടുങ്ങി. ഹദ്റത്ത് അലി കൈയിട്ട് അത് പുറത്തെടുത്തു. ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്رضഇതിനെ ഒരു പ്രബോധന സംഘവുമായി ബന്ധിപ്പിച്ചു. ഹദ്റത്ത് അലിയെ അയച്ച് ഖാലിദിന്റെ തെറ്റു തിരുത്താൻ ഉപദേശിച്ചു. ഈ സ്വപ്നത്തിൽ നിന്നും ഈ സംഭവം ബനൂ ജദീമഗോത്രത്തിലെ ഒരു ചെറിയ വിഭാഗവുമായി ബന്ധപ്പെട്ടതാണെന്ന് മനസ്സിലാക്കാം, ഇത് ചില തടവുകാരുമായി ബന്ധപ്പെട്ടതായിരുന്നു. സ്വബഅ്നാ എന്ന് പറഞ്ഞതുകൊണ്ട് മുഴുവൻ തടവുകാരെയും കൊന്നതല്ല.

വാസ്തവത്തിൽ, ഈയാളുകൾ ഇസ്‌ലാമിൽ പ്രവേശിച്ചിരുന്നില്ല. പഴയ പ്രതികാരത്തിന്റെ ഭയാശങ്കൾ അവരുടെ മനസ്സിൽ അത്രയ്ക്ക് ശക്തമായിരുന്നു. അവർ സ്വയം രക്ഷയ്ക്കുവേണ്ടി യുദ്ധം ചെയ്യാൻ തുടങ്ങി. ഹദ്റത്ത് ഖാലിദിന്റെ സൈന്യത്തിൽ ഉൾപ്പെട്ടിരുന്ന സുലയ്‌മ് ബിൻ മൻസ്വൂർ, മുദ്‌ലജ് ബിൻ മുർറ എന്നീ ഗോത്രങ്ങളിലെ ചില അംഗങ്ങൾ പ്രതികാരം ചെയ്യുമെന്ന് ഭയപ്പെട്ടിരുന്നു, സുലയ്‌മ് ഗോത്രത്തിലെ ആളുകൾത്തന്നെ തങ്ങളുടെ തടവുകാരെ രാത്രിയിൽ കൊന്ന് പ്രതികാരം വീട്ടി. മുഹാജിറുകളിൽനിന്നും അൻസ്വാറിൽ നിന്നും ആരും തങ്ങളുടെ തടവുകാരെ കൊന്നില്ല, പകരം അവരെ വിട്ടയച്ച് നബിﷺതിരുമേനിയുടെ നിർദ്ദേശങ്ങളും ഉത്തമ മാതൃക പിന്തുടരുകയായിരുന്നു.*(സ്വഹീഹുൽ ബുഖാരി, തർജമ ശറഹ് ഹദ്റത്ത് സയ്നുൽആബ്ദീൻ വലിയുല്ലാഹ് ശാഹ് സാഹിബ്, വാള്യം 9, പേജ് 193-199)*

ബുഖാരിയുടെ ഈ വ്യാഖ്യാനം ഹദ്റത്ത് വലിയുല്ലാഹ് ശാഹ് സാഹിബ് എഴുതിയിട്ടുണ്ട്, അദ്ദേഹം ഒരു നല്ല പഠനാത്മകമായ കുറിപ്പും ചേർത്തിട്ടുണ്ട്: 'ഹദ്റത്ത് ഖാലിദ് ബിൻ വലീദിന് ഒരു ദുരുദ്ദേശ്യവുമില്ലായിരുന്നുവെന്ന് വ്യക്തമാണ്. അത് അദ്ദേഹത്തിന്റെ ഒരു ഗവേഷണപരമായ തെറ്റായിരുന്നു. തിടുക്കത്തിൽ അദ്ദേഹം ഒരു തീരുമാനമെടുത്തു. ഒരു സൈനിക കമാന്റർ എന്ന നിലയിൽ. അതിനുശേഷം സംഭവിച്ച കാര്യങ്ങൾക്ക് അദ്ദേഹം ഉത്തരവാദിയായിരുന്നു. അതുകൊണ്ടാണ് നബി ﷺതിരുമേനി അദ്ദേഹത്തോടു അതൃപ്തി പ്രകടിപ്പിക്കുകയും അല്ലാഹുവിനോട് തന്റെ അകലം പ്രഖ്യാപിക്കുകയും ചെയ്തത്. നബിﷺ തിരുമേനി മുഴുവൻ കാര്യവും അന്വേഷിച്ചപ്പോൾ, ചില തെറ്റുധാരണകൾ കാരണമാണ് കൊലപാതകങ്ങൾ നടന്നതെന്ന് തെളിഞ്ഞു. അതുകൊണ്ടാണ് നബിﷺ തിരുമേനി പ്രതികാരത്തിന് പകരം ദിയാധനം നല്കാൻ തീരുമാനിച്ചത്. ഹദ്റത്ത് ഖാലിദ് ബിൻ വലീദ് തന്റെ റിപ്പോർട്ടും ക്ഷമാപണവും സമർപ്പിച്ചതിനുശേഷം നബിﷺതിരുമേനി അദ്ദേഹത്തോട് ക്ഷമിച്ചു, ചിലർ അദ്ദേഹത്തെ ശിക്ഷിക്കുകയും ശപിക്കുകയും ചെയ്തു, അദ്ദേഹത്തോടു കടുത്ത അതൃപ്തിയുണ്ടായിരുന്നു എന്ന് പറയുന്നതൊക്കെ തെറ്റാണ്. ശാഹ് സാഹിബ് എഴുതുന്നു, അദ്ദേഹം ഖാലിദിനോട് ക്ഷമിച്ചു എന്നുമാത്രമല്ല കുറച്ച് ദിവസങ്ങൾക്കുശേഷം ഹുനയ്ൻ യുദ്ധത്തിന് തയ്യാറാക്കിയ സൈന്യത്തിന്റെ മുന്നണിപ്പടയുടെയും കുതിരപ്പടയുടെയും സേനാധിപനായി ഹദ്റത്ത് ഖാലിദിനെ നിയമിക്കുകയും ചെയ്തു.*(അല്ലഅ്‌ലുഉൽ മക്നൂൻ സീറത്ത് എൻസൈക്ലോപീഡിയ വാള്യം 9, പേജ് 212-224, ദാറുസ്സലാം) (ഗസ്‌വയെ ഹുനയ്ൻ, മുഹമ്മദ് അഹ്മദ് ബാശമീൽ, പേജ് 48, നഫീസ് അക്കാഡമി കറാച്ചി)*

അത്ര വെറുപ്പുണ്ടായിരുന്നെങ്കിൽ മറ്റൊരു സൈന്യത്തിന് അദ്ദേഹത്തെ ചുമതലക്കാരനാക്കില്ലായിരുന്നു. എന്നാൽ, നബിﷺതിരുമേനി അദ്ദേഹത്തെ സേനാധിപനാക്കി. ഇതുകൂടാതെ, മറ്റു രണ്ട് ചെറിയ സൈനിക നീക്കങ്ങളെക്കുറിച്ചും പരാമർശം ലഭിക്കുന്നുണ്ട്.

**സരിയ്യ യലംലം**

നബിﷺതിരുമേനി ഹദ്റത്ത് ഹിശാം ബിൻ ആസിന്റെ നേതൃത്വത്തിൽ 200 പേരടങ്ങുന്ന ഒരു സൈനിക സംഘത്തെ മക്കയുടെ തെക്കുകിഴക്കായി സ്ഥിതി ചെയ്യുന്ന യലംലമിലേക്ക് അയച്ചു. ഇത് മക്കയ്ക്കും ത്വാഇഫിനും ഇടയിൽ രണ്ട് ദിവസത്തെ യാത്രാദൂരത്താണ്.

**സരിയ്യ ഉറന**

ഇത് അറഫാത്തിന്റെ മുന്നിലുള്ള ഒരു താഴ്‌വരയാണ്. നബിﷺതിരുമേനി ഹദ്റത്ത് ഖാലിദ് ബിൻ സഈദ് ബിൻ ആസിന്റെ നേതൃത്വത്തിൽ 300 പേരടങ്ങുന്ന സൈന്യത്തെ ഈ ഭാഗത്ത് അയച്ചതായി പറയുന്നു. എന്തായാലും, ഈ സൈനിക നീക്കങ്ങളെക്കുറിച്ച് മുഹമ്മദ് ബിൻ ഉമർ വാഖിദി മാത്രമാണ് പരാമർശിച്ചിട്ടുള്ളത്, മറ്റ് അറിയപ്പെടുന്ന ചരിത്രകാരന്മാരാരും ഇത് രേഖപ്പെടുത്തിയിട്ടില്ല, അതുകൊണ്ട് ഇത് ശരിയാണോ എന്ന് സംശയമുണ്ട്. ഇതിനെക്കുറിച്ച് കൂടുതൽ വിവരങ്ങളും ലഭ്യമല്ല. പക്ഷേ, ഒരു ചരിത്രകാരൻ എഴുതിയിരിക്കുന്നത്, ഹദ്റത്ത് ഖാലിദ് ബിൻ സയീദ് ബിൻ ആസ്, ഉറനവരെ നയിച്ച സൈനിക സംഘത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് തങ്ങളുടെ അറിവിൽ ഒരു ചരിത്രകാരനും രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ, ഹുദയ്ൽ ഗോത്രത്തിന്റെ അടുത്ത് ഇത് അയച്ചതിൽ ഒരു അഭിപ്രായവ്യത്യാസവുമില്ല, അവർ ഉറനയിൽ താമസിച്ചിരുന്നു.*(അല്ലഅ്‌ലുഉൽ മക്നൂൻ സീറത്ത് എൻസൈക്ലോപീഡിയ വാള്യം 9, പേജ് 224, ദാറുസ്സലാം)(ഗസ്‌വയെ ഹുനയ്ൻ, മുഹമ്മദ് അഹ്മദ് ബാശമീൽ, പേജ് 33-37, നഫീസ് അക്കാഡമി കറാച്ചി)*

എന്തായാലും, ഈ സംഭവങ്ങളിൽനിന്ന് നബിﷺതിരുമേനിയുടെ സ്വഭാവത്തെക്കുറിച്ച് നന്നായി മനസ്സിലാക്കാം. ആ മഹാത്മാവ് എവിടെയും കാർക്കശ്യം കാണിച്ചിട്ടില്ല. ഇസ്‌ലാം മതത്തിന്റെ ശത്രുക്കൾ പറയുന്നതുപോലെ യുദ്ധങ്ങളിൽ അദ്ദേഹം കൊല്ലാൻ കൽപ്പിച്ചെന്ന ആരോപണവും തെറ്റാണ്. ചെറിയ തെറ്റുകൾ സംഭവിച്ചപ്പോൾപ്പോലും ആ മഹാത്മാവ് വലിയ അതൃപ്തി പ്രകടിപ്പിച്ചു. നബിﷺതിരുമേനിയുടെ മറ്റു യുദ്ധങ്ങളെക്കുറിച്ചും സൈനിക നീക്കങ്ങളെക്കുറിച്ചും ഇൻശാ അല്ലാഹ് അടുത്ത തവണ പറയാം.*(അൽഫള്ൽ ഇന്റർനാഷണൽ 2025 സെപ്റ്റംബർ 5, പേജ് 2-6)*

**പേജ് 1 ൽ നിന്ന്**

സംഭവത്തെ നോക്കുകയാണെങ്കിൽ, അതിൽ ആ വ്യക്തിയുടെ ഈമാൻ രക്ഷിക്കേണ്ടത് വലിയ ജോലിയാണ്. ഭാര്യയുടെ മുഖത്തുനിന്ന് പർദ നീക്കുക ചെറിയ കാര്യമായിരുന്നു. അയാൾ ചോദിച്ചു: എങ്ങനെയാണ് അത് ചെറിയ കാര്യമാകുന്നത്? ഞാൻ പറഞ്ഞു: ഇത് നിങ്ങൾക്കറിയുന്നതാണ്. അതായത് പർദയുടെ കൽപ്പന മുമ്പേ വന്ന ശരീഅത്തുകളിൽ അഥവാ ന്യായപ്രമാണങ്ങളിലുണ്ടായിരുന്നില്ല. താങ്കൾക്ക് ഇതും അറിയാം, പർദയുടെ കൽപ്പന നബിﷺതിരുമേനിയുടെ ജീവിതത്തിന്റെ അവസാന വർഷങ്ങളിലാണ് ഇറങ്ങിയിട്ടുളളത്. 13 വർഷംവരെ നബിﷺ തിരുമേനി മക്കയിൽ താമസിച്ചു. പർദയുടെ കൽപ്പന ഇറങ്ങിയിരുന്നില്ല. പിന്നീട് മദീനയിൽ വന്നു. അവിടേയും നാലഞ്ചുവർഷംവരെ പർദയുടെ കൽപ്പനകളിറങ്ങിയില്ല. അതായത് നബിﷺതിരുമേനിയുടെ നുബുവ്വത്ത് വാദത്തിനുശേഷം 23 വർഷമാണ് കഴിഞ്ഞത് അതിൽ 17,18 വർഷംവരെ നബിﷺതിരുമേനിയുടെ ഭാര്യമാർ പർദ ധരിച്ചിരുന്നില്ല. മദീനയിൽ വന്നതിനും നാലഞ്ചുവർഷത്തിനുശേഷം പർദയുടെ കൽപ്പന ഇറങ്ങിയെങ്കിൽ നിങ്ങൾക്കം ഗീകരിക്കേണ്ടിവരും മുഹമ്മദു റസൂലുല്ലായുടെ എല്ലാ ഭാര്യമാരേയും എല്ലാ സ്വഹാബിമാരും കണ്ടിട്ടുണ്ടെന്ന്. ഇനി പറയുക ഏതൊരു കാര്യത്തെയാണോ അയാൾ മുമ്പേ നൂറുതവണ കണ്ടുകഴിഞ്ഞിട്ടുള്ളത് ഇനി ഒരു അവസരത്തിൽ അയാളുടെ ഈമാൻ രക്ഷിക്കുന്നതിനു വേണ്ടി അവിടന്ന് തന്റെ ആ ഭാര്യയുടെ മുഖത്തുള്ള പർദ മാറ്റിയെങ്കിൽ അതിലെന്ത് കുഴപ്പമാണുണ്ടായത്? അയാൾ നബിﷺതിരുമേനിയുടെ ഭാര്യയെ യുവത്വാവസ്ഥയിൽ കണ്ടുകഴിഞ്ഞതാണ്. ഇപ്പോഴാണെങ്കിൽ അവർ വയസ്സായി കഴിഞ്ഞിട്ടുണ്ടാകും.

യുവത്വപ്രായത്തിൽ നൂറുതവണ കാണുന്നതിനുമുമ്പിൽ അവിടന്ന് വലിയ പ്രായത്തിൽ തന്റെ ഒരു ഭാര്യയുടെ മുഖത്തുനിന്ന് അയാളുടെ ഈമാൻ രക്ഷിക്കുന്നതിനുവേണ്ടി അൽപനേരത്തേക്ക് പർദ നീക്കിയപ്പോൾ അവിടന്ന് വലിയ കാര്യത്തെ ചെറിയ കാര്യത്തിനു മേൽ ത്യാഗം ചെയ്യുകയല്ല ചെയ്തത്. പ്രത്യുത ചെറിയ കാര്യത്തെ വലിയ കാര്യത്തിനുവേണ്ടി ത്യാഗം ചെയ്യുകയായിരുന്നു. ഈ മറുപടി കേട്ടപ്പോൾ അയാൾ സന്തോഷിച്ചു. ഇപ്പോൾ തനിക്ക് കാര്യം മനസ്സിലായെന്ന് പറയുകയും ചെയ്തു.

ഇനി ചിന്തിക്കുക! ഇതു എത്ര വലിയ മാറ്റമാണ്. അതായത് ഒന്നുകിൽ പറഞ്ഞത് ഇസ്‌ലാം പർദയുടെ കൽപന നല്കുന്നു. അതുകൊണ്ട് അത് കളവാണ്. അല്ലെങ്കിൽ മുഹമ്മദു റസൂലുല്ലാഹ് രാത്രിനേരത്ത് ഒരാളുടെ ഈമാൻ രക്ഷിക്കുന്നതിനുവേണ്ടി തന്റെ ഭാര്യയുടെ മുഖത്തുനിന്ന് ഒരു മിനിറ്റു നേരത്തേക്കാണെങ്കിലും പർദ എന്തിനാണ് നീക്കിയത്? ഡസ്മൻഡ് ശാഹ് ഇംഗ്ലണ്ടിലെ ഉന്നതരായ എഴുത്തുകാരിൽപ്പെട്ടയാളാണ്. അയാൾ സ്വയമേവ എച്ച്.ജി. വെൽസിനെക്കാളും വലിയ ആളാണ് താനെന്ന് മനസ്സിലാക്കുന്നു. അദ്ദേഹം എന്നെ കണ്ടപ്പോൾ പറഞ്ഞു:

ഏറ്റവും വലിയ അക്രമം ലോകത്ത് ഏറ്റവുമധികം സമാധാനം പ്രചരിപ്പിക്കുന്നതിനുവന്ന നബിയെ യുദ്ധം ചെയ്യുന്ന നബിയെന്ന് പറയുന്നു എന്നതാണ്. പാതിരിമാർ അതിൽ ആക്ഷേപമുന്നയിക്കുന്നു. എന്നിട്ടയാൾ പറഞ്ഞു:ക്രിസ്ത്യാനിയായിക്കൊണ്ട് ഞാനിത്തരം കാര്യങ്ങൾ പറയുന്നുവെന്നോർത്ത് താങ്കളെന്നെ ഭ്രാന്തനെന്ന് പറഞ്ഞേക്കാം. അതു ശരിതന്നെയാണ്. ഞാൻ ക്രിസ്ത്യാനിയാണ്. പക്ഷേ, എനിക്ക് ദൃഢവിശ്വാസമുണ്ട്. മുഹമ്മദു റസൂലുല്ലാഹ്, മസീഹ് നാസ്വിരിയെക്കാൾ വലിയ ആളായിരുന്നു. മുഹമ്മദു റസൂലുല്ലാഹ്ﷺ കൊണ്ടുവന്ന ഉന്നതമായ അധ്യാപനം മസീഹ് നാസ്വിരി കൊണ്ടുവന്നിട്ടില്ല. ഞാൻ നേരത്തെ പറഞ്ഞതുപോലെ നിങ്ങൾ അത്ഭുതപ്പെടും, ഞാൻ ക്രിസ്ത്യാനിയായിക്കൊണ്ട് ഇത്തരം കാര്യങ്ങൾ പറയുന്നുവോ എന്നും ചോദിക്കും. പക്ഷേ, സത്യസന്ധമായ കാര്യം എനിക്കെങ്ങനെ നിഷേധിക്കാൻ സാധിക്കും? പിന്നീട് ഞാൻ അയാളെ യാത്രയാക്കി. ഞാനെന്റെ മുറിയിലെത്തിയപ്പോൾ ആരോ എന്റെ പിന്നാലെ വരുന്നുണ്ടെന്ന് തോന്നി. ഞാൻ തിരിഞ്ഞുനോക്കി. അപ്പോൾ ഡസ്മൻഡ് ശാ വരുന്നതാണ് കണ്ടത്. അയാൾ പറഞ്ഞു: എന്റെ മനസ്സിൽ ഒരു ചോദ്യമുണ്ടായി. അങ്ങയോടു ചോദിക്കാമെന്ന് കരുതി. എന്താണ് ചോദ്യമെന്ന് ഞാൻ ചോദിച്ചു. അയാൾ പറഞ്ഞു: ഏറ്റവുംവലിയ നബി മുഹമ്മദു റസൂലുല്ലാഹ് ആണെന്ന് പറഞ്ഞ് ഞാൻ പ്രസംഗിച്ചപ്പോൾ, എനിക്കു മനസ്സിലായത് എന്റെ നാവിലൂടെ അല്ലാഹു സംസാരിക്കുന്നതായിട്ടാണ്. എന്നാൽ, ഈ ക്രിസ്ത്യാനികൾ എന്നിട്ടും വിശ്വസിക്കുന്നില്ല. ഞാൻ പറഞ്ഞു: മിസ്റ്റർ ഡസ്മൻഡ്ശാ! ഈയാളുകൾ വെറും നിങ്ങളുടെ ശബ്ദമാണ് കേൾക്കുന്നത്. അല്ലാഹുവിന്റെ ശബ്ദം കേൾക്കുന്നില്ല. ഈ ആളുകളും അല്ലാഹുവിന്റെ ശബ്ദം കേൾക്കാൻ തുടങ്ങുകയും അല്ലാഹു അവരുടെ ഹൃദയങ്ങളിൽ സംസാരിക്കുകയും ചെയ്യുമ്പോൾ അവരിലും സ്വാധീനമുണ്ടാകും. ഇവരും മുഹമ്മദു റസൂലുല്ലായുടെ മഹത്ത്വം വിശ്വസിക്കുന്നവരാകും. ഇതുകേട്ടപ്പോൾ അദ്ദേഹം സംതൃപ്തനായി.

ചുരുക്കത്തിൽ അല്ലാഹു **ഇന്നക്കലഅലാ ഹുദൻമ്മുസ്തഖീം**(നീ നേർമാർഗത്തിൽത്തന്നെയാണ്) മുഹമ്മദു റസൂലുല്ലായുടെ സത്യസാക്ഷ്യത്തിനുള്ള തെളിവ് അവതരിപ്പിച്ചിരിക്കുകയാണ്. അതായത് ലോകം ആയിരംവട്ടം നിഷേധിച്ചാലും അവർ കാലത്തിന്റെ ചതിയിൽപ്പെട്ടതിനുശേഷം അവസാനം നിന്റെ ഭാഗത്തുനിന്ന് അവതരിപ്പിക്കപ്പെടുന്ന ഈ അധ്യാപനത്തിലേക്ക് വരുന്നതായിരിക്കും. കാരണം നീ നേരായപാതയിൽ നിലകൊള്ളുന്നു. ആളുകൾ മാർഗഭ്രംശത്തിന്റേയും വഴികേടിന്റേയും അന്ധകാരങ്ങളിൽപ്പെട്ട് ഉഴലുകയാണ്.*(തഫ്സീറെ കബീർ, വാല്യം 6, പേജ് 89, പ്രസാധനം ഖാദിയാൻ 2010).*

പേജ് 12 ൽ നിന്ന്

ത് കണ്ടപ്പോൾ, അവർക്ക് ഉത്കണ്ഠയായി. വിഗ്രഹപൂജ അവസാനിക്കുകയും മുഹമ്മദ്ﷺ തന്റെ കൂട്ടുകാരോടൊപ്പം എല്ലാവരെയും കീഴടക്കുകയും ചെയ്യുമോ എന്ന് അവർ ഭയപ്പെട്ടു. അതിനാൽ, അദ്ദേഹത്തെ തടയേണ്ടത് അത്യാവശ്യമാണെന്ന് അവർ മനസ്സിലാക്കി. ഇതിനുവേണ്ടി അവർ തയ്യാറെടുപ്പുകൾ തുടങ്ങി. ആയുധങ്ങളും യുദ്ധോപകരണങ്ങളും കൊണ്ടുവരാൻ ഉർവ ബിൻ മസ്ഊദിന്റെ നേതൃത്വത്തിൽ ഒരു സംഘത്തെ ജോർദാനിലെ ജുർശ് നഗരത്തിൽ അയച്ചു. ഹവാസിൻ ഗോത്രത്തിന്റെ ഈ തയ്യാറെടുപ്പുകളെക്കുറിച്ച് നബിﷺതിരുമേനി മക്കയുടെ വിജയത്തിനായി മദീനയിൽനിന്ന് മക്കയിലേക്ക് പുറപ്പെടാൻ തീരുമാനിച്ചപ്പോഴാണ് അറിഞ്ഞത്. നബിﷺതിരുമേനി സൈന്യത്തിന് മുന്നിൽ ചിലയാളുകളെ മുന്നണിപ്പടയായി അയച്ചു. ഈ മുന്നണിപ്പട ഹവാസിൻ ഗോത്രത്തിലെ ഒരാളെ പിടികൂടി. അയാൾ ഒരു ചാരനായിരുന്നു. ഹവാസിൻ ഗോത്രത്തിനുവേണ്ടി മുസ്‌ലിമീങ്ങളെ നിരീക്ഷിക്കാൻ വേണ്ടി അയാൾ ചുറ്റിക്കറങ്ങുകയായിരുന്നു. നബിﷺതിരുമേനി അയാളെചോദ്യം ചെയ്തപ്പോൾ, ഹവാസിൻ ഗോത്രം വലിയൊരു സൈന്യത്തെ ഒരുക്കിയിട്ടുണ്ടെന്നും, ഥഖീഫ് ഗോത്രത്തെയും കൂടെ ചേർത്തിട്ടുണ്ടെന്നും, വലിയ ആയുധങ്ങളും ഉപകരണങ്ങളും എടുക്കാൻ വേണ്ടി ജുർശിലേക്ക് ഒരു സംഘത്തെ അയച്ചിട്ടുണ്ടെന്നും അയാൾ പറഞ്ഞു.*(താരീഖ് ത്വബ്‌രി വാല്യം 2, പേജ് 166-167, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)(ഇംതാഉൽ അസ്മാഅ് വാല്യം 1, പേജ് 356 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്.) (ഗസ്‌വയെ ഹുനയ്ൻ, ബാശമീൽ പേജ് 83-85, നഫീസ് അക്കാഡമി കറാച്ചി. (അല്ലുഅ്‌ലുഉൽ മക്നൂൻ സീറത്ത് എൻസൈക്ലോപീഡിയ, വാല്യം 9, പേജ് 240 ദാറുസ്സലാം)*

ഹവാസിൻ ഗോത്രം ഈ തയ്യാറെടുപ്പിലായിരിക്കുമ്പോൾ വലിയ എതിർപ്പുകളൊന്നുമില്ലാതെ മക്ക എളുപ്പത്തിൽ കീഴടക്കപ്പെട്ടു. ഇതുകാരണം, ഹവാസിൻഗോത്രം അവരുടെ ശക്തിയുടെ അഹങ്കാരത്തിൽ മുഹമ്മദ്ﷺയേയും അദ്ദേഹത്തിന്റെ അനുയായികളേയും നേരിടാൻ പുറപ്പെടാൻ തീരുമാനിച്ചു. മുസ്‌ലിമീങ്ങളെ കീഴടക്കി നശിപ്പിക്കാൻ തങ്ങൾക്കു മാത്രമേ കഴിയൂ എന്ന് അവർ വിശ്വസിച്ചു. ഈ എല്ലാ ഗോത്രങ്ങളും ഹവാസിൻ ഗോത്രത്തിന്റെ മുപ്പത് വയസ്സുള്ള യുവനേതാവായ മാലിക് ബിൻ ഔഫിനെ തങ്ങളുടെ സൈന്യാധിപനും നേതാവുമായി തിരഞ്ഞെടുത്തു. ഇരുപതിനായിരം വരുന്ന സൈന്യം ഹുനയ്നിലേക്ക് നീങ്ങാൻ തുടങ്ങി. ഹവാസിൻ ഗോത്രത്തിന്റെ നേതാവ് മാലിക് ബിൻ ഔഫ് ഈ യുദ്ധത്തിന് വേണ്ടി അറേബ്യൻ ചരിത്രത്തിൽ ആരും ചെയ്തിട്ടില്ലാത്ത ഒരു നടപടി സ്വീകരിച്ചു. സൈന്യാധിപൻ ഓരോ ഗോത്രത്തിലെയും ഓരോ വ്യക്തിയോടും തങ്ങളുടെ വീട്ടിൽനിന്ന് തനിച്ച് പുറപ്പെടരുതെന്നും ഭാര്യമാരെയും കുട്ടികളെയും മാത്രമല്ല, തങ്ങളുടെ മൃഗങ്ങളെയും കൂടെ കൊണ്ടുപോകണമെന്നും ആവശ്യപ്പെട്ടു. ഇതിലൂടെ അദ്ദേഹത്തിന്റെ ഉദ്ദേശ്യം, ഓരോ യോദ്ധാവും മരണത്തോളം ധീരമായി യുദ്ധം ചെയ്യണമെന്നായിരുന്നു. ഓടിപ്പോകാൻ ഒരു വഴിയുമില്ലെന്ന് അവരുടെ മനസ്സിലുണ്ടായിരിക്കും. കാരണം അവരുടെ ഭാര്യമാരും കുട്ടികളും മൃഗങ്ങളുമെല്ലാം കൂടെയുണ്ടല്ലോ!

ഈ യുദ്ധത്തിൽ ഒരു പ്രായമുള്ള നേതാവായ ദുറയ്ദ് ബിൻ സ്വിമ്മ-അയാളുടെ പ്രായം നൂറു വയസ്സിലധികമായിരുന്നു-യുദ്ധത്തിൽനിന്ന് പിന്തിരിപ്പിക്കാൻ ശ്രമിച്ചതിനെക്കുറിച്ചും പറയുന്നുണ്ട്. അദ്ദേഹം ഹവാസിൻ ഗോത്രത്തോടൊപ്പമുണ്ടായിരുന്നു. ജുശം ഗോത്രത്തിൽ ദുറയ്ദ് ബിൻ സ്വിമ്മ എന്നൊരു വ്യക്തിയുണ്ടായിരുന്നു, അദ്ദേഹത്തിന് നൂറ് വയസ്സിലധികം പ്രായമുണ്ടായിരുന്നു. അദ്ദേഹം വളരെ വൃദ്ധനായിരുന്നു. കാഴ്ചശക്തി നഷ്ടപ്പെട്ടിരുന്നു. അദ്ദേഹത്തിന് യുദ്ധം ചെയ്യാനുള്ള ശക്തി ഉണ്ടായിരുന്നില്ല. എന്നാൽ, അദ്ദേഹം വളരെ പരിചയസമ്പന്നനും യുദ്ധവിദ്യകളെക്കുറിച്ച് നന്നായി അറിയുന്നആളുമായിരുന്നു. ധീരതയിലും കുതിരയോട്ടത്തിലും ഒരു കാലത്ത് അദ്ദേഹത്തിന് വലിയ പ്രശസ്തി ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ പരിചയസമ്പത്തും വൈദഗ്ദ്ധ്യവും പ്രയോജനപ്പെടുത്താൻ വേണ്ടി അവർ അദ്ദേഹത്തെയും കൂടെ കൂട്ടി. മാലിക് ബിൻ ഔഫ് ആളുകളോടൊപ്പം നബിﷺ തിരുമേനിയെ നേരിടാൻ പുറപ്പെടാൻ സമ്മതിച്ചപ്പോൾ ആളുകൾ അവരുടെ സ്വത്തുക്കളും സ്ത്രീകളും കുട്ടികളുമായി പുറപ്പെട്ടു. അങ്ങനെ അവർ ഔത്വാസ് താഴ്‌വരയിലെത്തുകയും അവിടെ തങ്ങുകയും ചെയ്തു. വൃദ്ധനായ ദുറയ്ദ് ബിൻ സ്വിമ്മ താഴെയിറങ്ങി തന്റെ കൈകൊണ്ടു നിലത്ത് തൊട്ടു. എന്നിട്ട് ചോദിച്ചു, 'നിങ്ങൾ ഏത് താഴ്‌വരയിലാണ്?' അവർ പറഞ്ഞു, 'ഔത്വാസ് താഴ്‌വരയിൽ.' അദ്ദേഹം പറഞ്ഞു:'ഇത് കുതിരകൾക്ക് സഞ്ചരിക്കാൻ നല്ല സ്ഥലമാണ്, കാഠിന്യത്തിന്റെ കാര്യത്തിൽ കുഴപ്പമില്ല. കുളമ്പുകൾ ആഴ്ന്നുപോകാത്ത വിധത്തിൽ മൃദുവായിട്ടുമല്ല.'എന്നിട്ട് അദ്ദേഹം ചോദിച്ചു: എന്തുകൊണ്ടാണ് ഞാൻ കുട്ടികളുടെ കരച്ചിലും ഒട്ടകങ്ങളുടെയും കഴുതകളുടെയും ആടുകളുടെയും പശുക്കളുടെയും ശബ്ദങ്ങളും കേൾക്കുന്നത്? ആളുകൾ മറുപടി പറഞ്ഞു: 'മാലിക് ബിൻ ഔഫിന്റെ നിർദ്ദേശപ്രകാരം കുട്ടികളെയും സ്ത്രീകളെയും മൃഗങ്ങളെയുമെല്ലാം കൂടെ കൊണ്ടുവന്നിരിക്കുകയാണ്.' അപ്പോൾ ദുറയ്ദ് മാലിക്കിനോട്

• ഹദീഥുന്നബ്‌വിﷺ •

"അന്നദമു തൗബത്തുൻ."

**ചെയ്ത പാപത്തിൽ ലജ്ജിക്കുന്നതാണ് യഥാർഥ പശ്ചാത്താപം.**

ത്വാലിബെ ദുആ
**E.H.NAJEEB AND FAMILY**
KAKKANAD, ERNAKULAM

• ഹദീഥുന്നബ്‌വിﷺ •

"ലാ തതമന്നഉൽമൗത."

**മരണം ആഗ്രഹിക്കരുത്.**

ത്വാലിബെ ദുആ
**P. SAFFAR AHMAD &FAMILY**
JAMA'ATH KARULAI, MALAPPURAM,KERALA.

പറഞ്ഞു: 'നീ നിന്റെ ഗോത്രത്തിന്റെ നേതാവാണ്, ഇന്നത്തെ ദിവസത്തിന്റെ സ്വാധീനം ബാക്കി ദിവസങ്ങളിലും ഉണ്ടായിരിക്കും. ഈ കുട്ടികളെയും ഒട്ടകങ്ങളെയും കഴുതകളെയും ആടുകളെയും പശുക്കളെയും എന്തിനാണ് കൂടെ കൊണ്ടുവന്നത്?' അദ്ദേഹം മറുപടി പറഞ്ഞു: 'ഞാൻ ഓരോ മനുഷ്യന്റെയും പിന്നിൽ അവന്റെ കുടുംബത്തെ നിർത്താനാഗ്രഹിക്കുന്നു, അങ്ങനെ അവൻ ധീരതയോടെ ശത്രുവിനോട് യുദ്ധം ചെയ്യും.' ദുറയ്ദ് പറഞ്ഞു: 'ഇത് വളരെ തെറ്റായൊരു തീരുമാനമാണ്. അല്ലാഹുവാണെ സത്യം, നിങ്ങൾക്ക് വെറും ആടുകളെ മേയ്ക്കാൻ മാത്രമാണ് അറിയുന്നത്. അതായത്, നിങ്ങൾക്ക് യുദ്ധം ചെയ്യാൻ അറിയില്ല, യുദ്ധത്തെക്കുറിച്ച് നിങ്ങൾക്ക് ഒരു വിവരവുമില്ല.' പിന്നെ അദ്ദേഹം പറഞ്ഞു: 'പരാജയപ്പെട്ട ഒരു സമൂഹത്തിന് നഷ്ടപ്പെട്ടതൊക്കെ തിരികെ കിട്ടുമോ? കേൾക്കൂ, യുദ്ധത്തിൽ നിങ്ങൾക്ക് പ്രയോജനപ്പെടുന്നത് ഒരാളുടെ കുന്തവും അവന്റെ വാളും മാത്രമാണ്. യുദ്ധത്തിന്റെ ഗതി നിങ്ങൾക്കെതിരാണെങ്കിൽ, നിങ്ങൾക്ക് നിങ്ങളുടെ ഭാര്യമാരെയും കുട്ടികളെയും സ്വത്തുക്കളെയും നഷ്ടപ്പെടും. ഓ മാലിക്കേ! നീ ഹവാസിന്റെ സമൂഹത്തെയും കുതിരകളെയും എന്തുകൊണ്ട് മുന്നോട്ട് അയച്ചില്ല? സ്വത്തുക്കളെയും സ്ത്രീകളെയും കുട്ടികളെയും ഗോത്രത്തിന്റെ കോട്ടകളിലേക്ക് അയക്കൂ, എന്നിട്ട് കുതിരപ്പുറത്തുകയറി അവരോടു യുദ്ധം ചെയ്യൂ. കാലാൾപ്പട കുതിരപ്പടയ്ക്ക് നടുവിലായിരിക്കട്ടെ. നിങ്ങൾ വിജയിക്കുകയാണെങ്കിൽ, ഈ ആളുകളും കുട്ടികളും മൃഗങ്ങളും നിങ്ങളോടൊപ്പം ചേരും. നിങ്ങൾ പരാജയപ്പെട്ടാൽ, നിങ്ങൾക്ക് അവരുടെ അടുത്തു പോകാം. ഇങ്ങനെ നിങ്ങളുടെ കുടുംബവും എല്ലാ മൃഗങ്ങളും രക്ഷപ്പെടും.'

മാലിക് ബിൻ ഔഫ് പറഞ്ഞു, 'അല്ലാഹുവാണെ സത്യം, ഞാൻ അങ്ങനെ ചെയ്യില്ല, എന്റെ തീരുമാനം മാറ്റുകയുമില്ല. നിങ്ങൾ വൃദ്ധനായി, നിങ്ങളുടെ ബുദ്ധി നഷ്ടപ്പെട്ടിരിക്കുന്നു. ദുറയ്ദ് പറഞ്ഞു, ഓ ഹവാസിൻ സമൂഹമേ, അല്ലാഹുവാണെ സത്യം, ഈ അഭിപ്രായം ശരിയല്ല. ഈ വ്യക്തി നിങ്ങളുടെ സ്ത്രീകളെ അപമാനിക്കും, ഈ വ്യക്തി നിങ്ങളെ ശത്രുക്കളുടെ കയ്യിൽ ഏൽപ്പിച്ച് സ്വയം ഥഖീഫിന്റെ കോട്ടകളിൽ ഒളിച്ചുചേരും. അതിനാൽ, നിങ്ങൾ തിരികെ പോവുക, അദ്ദേഹത്തെ വിട്ടേക്കുക. ഇങ്ങനെ അദ്ദേഹം യുദ്ധം ചെയ്യാൻ പാടില്ലെന്ന് ഉപദേശിച്ചു. ഇതിൽ മാലിക് തന്റെ വാൾ പുറത്തെടുത്തു, എന്നിട്ട് പറഞ്ഞു, 'ഓ ഹവാസിൻ സമൂഹമേ, അല്ലാഹുവാണെ സത്യം, നിങ്ങൾ എന്നെ അനുസരിക്കണം, അല്ലെങ്കിൽ ഞാനെന്റെ എല്ലാ ഭാരവും ഈ വാളിൽ വെച്ച് എന്റെ നെഞ്ചിലൂടെ ഇറക്കും'അതായത്, ഞാൻ ആത്മഹത്യ ചെയ്യും. ബനൂ ഹവാസിൻ പരസ്പരം ചർച്ച ചെയ്തു. പറഞ്ഞു: അല്ലാഹുവാണെ സത്യം, നമ്മൾ മാലിക്കിനെ അനുസരിച്ചില്ലെങ്കിൽ അവൻ സ്വയം മരിക്കും. അവൻ ചെറുപ്പമാണ്, മുപ്പത് വയസ്സായിട്ടേയുള്ളൂ. അപ്പോൾ നമുക്ക് ദുറയ്ദിനോടൊപ്പം നിൽക്കേണ്ടി വരും, അയാൾ വൃദ്ധനാണ്, അയാളോടൊപ്പം യുദ്ധം ചെയ്യാൻ കഴിയില്ല. അതുകൊണ്ട് നിങ്ങൾ മാലിക്കിനോട് യോജിക്കൂ. അങ്ങനെതന്നെ സംഭവിച്ചു.

മാലിക് ദുറയ്ദിനോട് ചോദിച്ചു, 'ഇതല്ലാതെ മറ്റെന്തെങ്കിലും അഭിപ്രായമുണ്ടോ?' 'ദുറയ്ദ് പറഞ്ഞു, 'ഉണ്ട്! നിങ്ങളെ സഹായിക്കുന്ന ആളുകളെ ഒളിയിടങ്ങളിൽ ഒളിപ്പിക്കുക. ശത്രുക്കൾ നിങ്ങളെ ആക്രമിച്ചാൽ അവർ പിന്നിൽനിന്ന് ആക്രമിക്കും. നിങ്ങൾ ആക്രമിക്കുകയാണെങ്കിൽ, നിങ്ങളുടെ കൂട്ടുകാരോടൊപ്പം വീണ്ടും ആക്രമിക്കാൻ കഴിയും. അപ്പോൾ ആരും പിന്നോട്ട് പോകില്ല. 'അപ്പോൾ മാലിക് തന്റെ കൂട്ടുകാരോട് പറഞ്ഞു, 'നിങ്ങൾ താഴ്‌വരകളുടെയും മലയിടുക്കുകളുടെയും അടിഭാഗത്ത് ഒളിക്കുക. ആദ്യ ആക്രമണംതന്നെ ഒന്നിച്ച് നടത്തുക. അങ്ങനെ ഇസ്‌ലാമിക സൈന്യത്തെ പരാജയപ്പെടുത്താൻ കഴിയും.*(സീറത്ത് ഇബ്നി ഹിശാം പേജ് 761-762, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)(അസ്സീറത്തുൽ ഹൽബിയ്യ, വാല്യം 3, പേജ് 151-152, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)(താരീഖ് ഖുമയ്സ്, വാല്യം 2, പേജ് 508-509, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)(സുബുലുൽ ഹുദാ വർറശാദ് വാല്യം 5, പേജ് 311-312 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)(ഗസ്‌വയെ ഹുനയ്ൻ, ബാശമീൽ, പേജ് 78, നഫീസ് അക്കാഡമി കറാച്ചി)*

നബിﷺതിരുമേനിക്ക് ബനൂ ഹവാസിന്റെ തയ്യാറെടുപ്പുകളെക്കുറിച്ച് വിവരം ലഭിച്ചു, അതിന്റെ വിശദാംശങ്ങൾ ഇപ്രകാരമാണ്: 'നബിﷺതിരുമേനിക്ക് മക്കയിൽവെച്ച് ഈ സംഭവങ്ങളെക്കുറിച്ച് വിവരം ലഭിച്ചു. ഹവാസിൻ ഗോത്രത്തിന്റെ സൈന്യത്തിന്റെ അവസ്ഥ മനസ്സിലാക്കാൻ വേണ്ടി ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അബൂ ഹദർദ് അസ്‌ലമിയെ അയച്ചു. നേരത്തെ ഒരു ചാരൻ ആയുധങ്ങൾ ശേഖരിക്കുന്നുവെന്ന് വിവരം നൽകിയിരുന്നു. ഇപ്പോൾ ഈ തയ്യാറെടുപ്പ് പൂർത്തിയായപ്പോൾ, അവിടന്ന് തന്റെ ഒരാളെ വാർത്തകൾ അറിയാൻ അയച്ചു. അദ്ദേഹമാണ് ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അബൂ ഹദ്റദ് അസ്‌ലമി. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അബൂ ഹദ്‌റദ് അസ്‌ലമി ഹവാസിന്റെ സൈന്യത്തിൽ പ്രവേശിച്ചു. അവരോടൊപ്പം നടന്ന് എല്ലാ വിവരങ്ങളും ശേഖരിച്ചു. അദ്ദേഹം ഒന്നോ രണ്ടോ ദിവസം അവരോടൊപ്പം തങ്ങി. മാലിക് തന്റെ കൂട്ടുകാരെ ധൈര്യപ്പെടുത്താൻ വേണ്ടി ഇങ്ങനെ പറയുന്നത് അദ്ദേഹം കേട്ടു: മുഹമ്മദ് ﷺ ഇതിനുമുമ്പേ യുദ്ധകലകൾ അറിയുന്ന ഒരു സമൂഹവുമായും യുദ്ധം ചെയ്തിട്ടില്ല. യുദ്ധം ചെയ്യാൻ അറിയാത്ത സമൂഹത്തിലെ യുവാക്കളുമായിട്ടാണ് അദ്ദേഹം യുദ്ധം ചെയ്തത്, അങ്ങനെ അദ്ദേഹം അവരെ കീഴടക്കി. അതിനാൽ, നാളെ രാവിലെ നിങ്ങൾ നിങ്ങളുടെ മൃഗങ്ങളെയും സ്ത്രീകളെയും നിങ്ങളുടെ പിന്നിൽ അണിനിരത്തുക. എന്നിട്ട് മിന്നൽ ആക്രമണം നടത്തുക. നിങ്ങൾ നിങ്ങളുടെ വാളുകളുടെ ഉറകൾ പൊട്ടിക്കുക, ഉറയില്ലാത്ത ഇരുപതിനായിരം വാളുകൾകൊണ്ട് യുദ്ധം ചെയ്യുക. ഒറ്റൊരു പുരുഷന്റെ ആക്രമണം പോലെ ആക്രമിക്കുക. ആദ്യം ആക്രമിക്കുന്നവനാണ് വിജയിക്കുക എന്ന് നിങ്ങൾ മനസ്സിലാക്കുക.'പിന്നീട് അബ്ദുല്ലാഹ് ബിൻ അബൂ ഹദർദ് നബിﷺ തിരുമേനിയുടെ അടുത്ത് വന്ന് എല്ലാ വിവരങ്ങളും നൽകി. നബിﷺ തിരുമേനി ഏറ്റുമുട്ടലിന് തയ്യാറെടുക്കാൻ നിർബന്ധിതനായി. *(ശറഹ് അല്ലാമത്തുസ്സർഖാനീ, ഭാഗം 3, പേജ് 500-501, ഗസ്‌വ ഹുനയ്ൻ, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)(സീറത്തുന്നബി, ശിബ്‌ലീ, വാല്യം 1, പേജ് 355, ദാറുൽഇശാഅത്ത് കറാച്ചി)*

നബിﷺതിരുമേനി ബനൂ ഹവാസിനെ നേരിടാൻ മക്കയിൽ നിന്ന് പുറപ്പെടുന്നതിനു മുമ്പേ പരിശോധന നടത്തിയപ്പോൾ, ഇസ്‌ലാമിക സൈന്യത്തിന്റെ പക്കൽ നടക്കാൻ പോകുന്ന യുദ്ധത്തിന് ആവശ്യമായ യുദ്ധസാമഗ്രികൾ വളരെ കുറവായിരുന്നു. ഈ കുറവ് നികത്താൻ നബിﷺതിരുമേനി മക്കയിലെ ധനികനായ സർദാർ സ്വഫ്‌വാൻ ബിൻ ഉമയ്യയോട് ചില ആയുധങ്ങൾ കടമായി ആവശ്യപ്പെട്ടു. അപ്പോൾ അദ്ദേഹം ചോദിച്ചു, 'അങ്ങ് എന്റെ

• ഹദീഥുന്നബവ്വിﷺ •



**മരിച്ചവരെ ചീത്ത പറയരുത്, എന്തുകൊണ്ടെന്നാൽ അവർ മുമ്പേ അയച്ചിട്ടുള്ളതിലേക്കാണ് പോയിരിക്കുന്നത്.**
**(ബുഖാരി 23:77)**

ത്വാലിബെ ദുആ
**SERA SPORTS,** P.I.GROUND FLOOR ARAFAH ARCADE 4/45A, 4/45 A1, IRINGALOOR, OPP GOVT.H.S.S, OLAVANN, MOB-8845680091


• ഹദീഥുന്നബവ്വിﷺ •

**"അൽമുസ്‌ലിമു അഖുൽമുസ്‌ലിമി."**
**ഒരു മുസ്‌ലിം മറ്റൊരു മുസ്‌ലിമിന്റെ സഹോദരനാണ്.**

ത്വാലിബെ ദുആ
**Late DILSAD ABDULLATHEEF AND FAMILY KALLIKOTE**
PATHAPPIRIYAM, MALAPURAM

• ഹദീഥുന്നബവ്വിﷺ •

**"അസ്സലാമു ഖബ്‌ലൽകലാമി."**
**സംസാരിക്കുന്നതിനുമുമ്പേ സലാം പറയുക.**




ത്വാലിബെ ദുആ
**DR.C.G. KAMALUDDEEN, DR. C.G. NAZIM AHMAD**
VAYANASHALA, PATHAPPIRIYAM, KERALA

സാധനങ്ങൾ കടമായിട്ടാണോ എടുക്കുന്നത് അതോ പിടിച്ചെടുക്കാൻ ആഗ്രഹിക്കുന്നുവോ?' നബിﷺതിരുമേനി പറഞ്ഞു: 'ഇല്ല, ഞങ്ങൾ ഇത് കടമായി ചോദിക്കുകയാണ്, ഇത് തിരികെ തരാൻ ഉറപ്പ് നൽകാം.' ഇതിൽ അദ്ദേഹം അത് നൽകാൻ തയ്യാറായി. അദ്ദേഹം നൂറ് പടച്ചട്ടകൾ നൽകി, അതോടൊപ്പം തലയിൽ ധരിക്കുന്ന കവചങ്ങളും പരിചകളുമുണ്ടായിരുന്നു. ചില നിവേദനങ്ങൾ അനുസരിച്ച്, ഈ ആയുധങ്ങൾ കൊണ്ടുപോകാൻ അദ്ദേഹം ഒട്ടകങ്ങളെയും നൽകി. യുദ്ധത്തിനുശേഷം സ്വഫ്‌വാന്റെ പടച്ചട്ടകൾ തിരികെ നൽകാൻ ശേഖരിച്ചപ്പോൾ, അവയിൽ ചിലത് കുറവായിരുന്നു. പടച്ചട്ടകൾ തിരികെ നൽകുമെന്ന് ഉറപ്പ് നൽകിയതുകൊണ്ട് നബിﷺതിരുമേനി സ്വഫ്‌വാനുമായി സംസാരിച്ച് അതിന്റെ വിലയെടുക്കാൻ പറഞ്ഞു. എന്നാൽ, സ്വഫ്‌വാൻ പടച്ചട്ടകൾ നൽകിയപ്പോൾ ഉണ്ടായിരുന്ന അതേ സ്വഫ്‌വാനായിരുന്നില്ല. ആളു മാറിയിരുന്നു. യുദ്ധത്തിൽ അദ്ദേഹം കൂടെയുണ്ടായിരുന്നെങ്കിലും അപ്പോഴും ഒരു ബഹുദൈവാരാധകൻ തന്നെയായിരുന്നു. ഹുനയ്ൻ സംഭവത്തിനുശേഷം അദ്ദേഹം ഇസ്‌ലാം സ്വീകരിച്ചു. അതുകൊണ്ട് നബിﷺതിരുമേനി പടച്ചട്ടകളുടെ വില നൽകാൻ പറഞ്ഞപ്പോൾ സ്വഫ്‌വാൻ പറഞ്ഞു: **'ലാ! യാ റസൂലല്ലാഹ് ലിഅന്ന ഫീ ഖൽബിൽ യൗമ മാലം യകുൻ യൗമയിദിൻ.'** 'വേണ്ട, അല്ലാഹുവിന്റെ ദൂതരേ, കാരണം ഇന്ന് എന്റെ മനസ്സിലുള്ള അവസ്ഥ അന്നത്തേതുപോലെയല്ല.' വില വാങ്ങാൻ അദ്ദേഹം വിസമ്മതിച്ചു.

ഇതുപോലെ, നബിﷺതിരുമേനി തന്റെ പിതൃസഹോദര പുത്രനായ നൗഫൽ ബിൻ ഹാരിഥിൽ നിന്നും മൂവായിരം കുന്തങ്ങൾ കടം വാങ്ങി. എന്നിട്ട് പറഞ്ഞു, 'ഞാൻ നിന്റെ ഈ കുന്തങ്ങൾ ശത്രുവിന്റെ പിറകിൽ ആഴത്തിൽ പതിക്കുന്നതു കാണുന്നു.' നബിﷺതിരുമേനിയുടെ ഈ പ്രസ്താവനയിൽ ശത്രുക്കൾ പരാജയപ്പെട്ടോടുകയും അവർക്ക് വലിയ നാശനഷ്ടങ്ങൾ സംഭവിക്കുകയും ചെയ്യുമെന്ന പ്രവചനമുണ്ടായിരുന്നു. അതുപോലെ, ഇബ്നുഅബൂ റബീഅയിൽ നിന്നും ചില ആയുധങ്ങൾ കടം വാങ്ങി.

നബിﷺതിരുമേനിയുടെ ഉന്നതമായ സ്വഭാവത്തിന്റെ ഒരു തിളക്കം ശ്രദ്ധേയമാണ്. അവിടന്ന് മക്ക കീഴടക്കി, ഇപ്പോൾ മക്ക പരാജയപ്പെട്ട ഒരു സമൂഹമായിരുന്നു. യുദ്ധ നിയമങ്ങളും ആചാരങ്ങളും അനുസരിച്ച്, വിജയിച്ചവർക്ക് പരാജയപ്പെട്ടവരുടെ സ്വത്തുക്കളുടെ ഉടമസ്ഥരാകാൻ അവകാശമുണ്ട്. എന്നാൽ, ഇപ്പോൾ യുദ്ധത്തിന് ആയുധങ്ങൾ ആവശ്യമായി വന്നപ്പോൾ, ഓരോ ആയുധവും കടം വാങ്ങി, എത്ര ആയുധങ്ങൾ എടുക്കുന്നുവോ അത്രയും തന്നെ തിരികെ തരുമെന്ന് വാഗ്ദാനവും നൽകി. അതുപോലെ, അബൂജഹ്‌ലിന്റെ രണ്ടാനച്ഛൻ അബ്ദുല്ലാഹ് ബിൻ അബീ റബീഅയിൽ നിന്ന് നബിﷺതിരുമേനി മുപ്പത്-നാൽപ്പതിനായിരം ദിർഹം കടം വാങ്ങി. ഒരു നിവേദനമനുസരിച്ച്, ഇവർ മക്ക വിജയത്തിന്റെ ദിവസംതന്നെ ഇസ്‌ലാം സ്വീകരിച്ചിരുന്നു എന്ന് പറയുന്നു.

മറ്റൊരു നിവേദനമനുസരിച്ച്, നബിﷺതിരുമേനി ഖുറയ്ശികളിലെ മൂന്നുപേരിൽ നിന്നാണ് കടം വാങ്ങിയത്. സ്വഫ്‌വാൻ ബിൻ ഉമയ്യയിൽ നിന്ന് അമ്പതിനായിരം ദിർഹവും, അബ്ദുല്ലാഹ് ബിൻ അബീ റബീഅയിൽനിന്ന് നാൽപ്പതിനായിരം ദിർഹവും, ഹുവയ്ത്വിബ് ബിൻ അബ്ദുൽ ഉസ്സയിൽനിന്ന് നാൽപ്പതിനായിരം ദിർഹവും കടം വാങ്ങി. ഇത് ആകെ ഒരു ലക്ഷത്തി മുപ്പതിനായിരം ദിർഹമാണ്. ചില നിവേദനങ്ങളനുസരിച്ച്, ഈ പണം നബിﷺതിരുമേനി മക്ക വിജയത്തിനുശേഷം, ആവശ്യക്കാരായ സ്വഹാബിമാരെ സഹായിക്കാൻ വേണ്ടിയാണ് കടം വാങ്ങിയത്. ഈ പണം അവർക്കിടയിൽ വിതരണം ചെയ്യുകയും, ഓരോ വ്യക്തിക്കും അമ്പത് ദിർഹം വീതം നൽകുകയും ചെയ്തു. മറ്റൊരു നിവേദനമനുസരിച്ച്, ബനൂ ജദീമയിലെ കൊല്ലപ്പെട്ടവർക്ക് നഷ്ടപരിഹാരം നൽകാൻ വേണ്ടിയാണ് ഈ പണം കടം വാങ്ങിയത്. വ്യത്യസ്ത ആവശ്യങ്ങൾക്കുവേണ്ടി നബിﷺതിരുമേനി ഈ പണം കടം വാങ്ങിയിരിക്കാം, അതിൽ സാമ്പത്തിക സഹായവും നഷ്ടപരിഹാരവും ഉൾപ്പെടുന്നു. അല്ലാഹുവിന് മാത്രമാണ് നന്നായി അറിയാവുന്നത്. *(ദാഇറയെ മആരിഫ് സീറത്ത് മുഹമ്മദു റസൂലുല്ലാഹിﷺ, വാള്യം 9, പേജ് 236-238, ബസം ഇഖ്ബാൽ ലാഹോർ)(അസ്സീറത്തുൽ ഹൽബിയ്യ, വാള്യം 3, പേജ് 153, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്‌റുത്ത്)(സുനൻ അബൂദാവൂദ്, കിതാബുൽബുയൂയ്, ബാബു ഫീ തള്മ്‌യ്നി ഹദീഥ് 3563)(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ വാള്യം 5, പേജ് 614-615 ആലമുൽകുതുബ് ബെയ്‌റുത്ത്) (അൽ ഇസ്തീആബ് വാള്യം 3, പേജ് 896-897, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്‌റുത്ത്)(സുബുലുൽ ഹുദാ വർറശാദ് വാള്യം 5, പേജ് 258, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്‌റുത്ത്)(ഗസ്‌വയെ ഹുനയ്ൻ, ബാശമീൽ , പേജ് 43 നഫീസ് അക്കാഡമി കറാച്ചി)*

ഇതിന്റെ ബാക്കി വിശദാംശങ്ങൾ അടുത്ത തവണ വിവരിക്കുന്നതാണ്, ഇൻശാ അല്ലാഹ്.

നമസ്കാരത്തിനുശേഷം ഞാൻ രണ്ടു ജനാസ നമസ്കരിപ്പിക്കുന്നതാണ്. ഇൻശാ അല്ലാഹ്!

ഒന്ന്, ബഹുമാന്യ ഖാജാ മുഖ്താർ അഹ്മദ് ഭട്ട് സാഹിബിന്റേതാണ്. അദ്ദേഹം ഖാജാ അബ്ദുർറഹ്മാൻ സാഹിബ് സിയാൽക്കോട്ടിയുടെ മകനായിരുന്നു. അദ്ദേഹം കഴിഞ്ഞ ദിവസം തൊണ്ണൂറ്റിരണ്ടാം വയസ്സിൽ അന്തരിച്ചു. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലൈയ്ഹി റാജിഊൻ* അദ്ദേഹം സിയാൽക്കോട്ടിൽ ജനിച്ചു. നിയമം പഠിച്ചശേഷം എയർ ഫോഴ്സിൽ ചേർന്നു. അവിടെ റസാൽപൂരിൽനിന്ന് പരിശീലനം നേടി. 1974 വരെ പാകിസ്താൻ വ്യോമസേനയിൽ നിയമ ഉദ്യോഗസ്ഥനായി ശ്രദ്ധേയമായ സേവനങ്ങൾ ചെയ്തു. അതേ വർഷംതന്നെ മറ്റു അഹ്മദി ഉദ്യോഗസ്ഥർക്കൊപ്പം അദ്ദേഹത്തെ ജോലിയിൽനിന്ന് പിരിച്ചുവിട്ടു.

1974-ൽ അഹ്മദിയ്യ ജമാഅത്തിനെതിരിൽ കലാപമുണ്ടായ സങ്കീർണ വേളയൽ, ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അഥ്ഥാലിസ് (റഹ്മഹുല്ലാഹ്) യുടെ മാർഗ്ഗനിർദ്ദേശത്തിൽ, ജമാഅത്തിന്റെ നിയമ കമ്മീഷനിൽ അദ്ദേഹം സേവനം ചെയ്തു. ജമാഅത്തിന്റെ പരിശ്രമങ്ങളുടെ ഭാഗമായി, പഞ്ചാബ് മുഖ്യമന്ത്രി ഹനീഫ് റാമേയെ കണ്ടുമുട്ടുകയും ചെയ്തു. ഹദ്റത്ത് മിർസ ബശീർ അഹ്മദ് സാഹിബ്‌റ ഹദ്റത്ത് ചൗദ്‌രീ സഫറുല്ലാഹ് ഖാൻ സാഹിബ്‌റ എന്നിവരുമായി അദ്ദേഹത്തിന് ആഴത്തിലുള്ള ബന്ധമുണ്ടായിരുന്നു. "എസൻസ് ഓഫ് ഇസ്‌ലാം" എന്ന ഗ്രന്ഥത്തിന്റെ ആദ്യ വാള്യം തയ്യാറാക്കുന്നതിൽ ഹദ്റത്ത് ചൗദ്‌രീ സഫ്റുല്ലാഹ് ഖാൻ സാഹിബിനെ സഹായിക്കാൻ അദ്ദേഹത്തിന് അവസരം ലഭിച്ചു. കേന്ദ്ര തലത്തിൽ, ഫള്‌ലെ ഉമർ ഫൗണ്ടേഷന്റെ ഡയറക്ടറായും, റബ്‌വാ ദാറുൽ ഖളാഇൽ നിരവധി വർഷം ഖാളിയായും അദ്ദേഹം സേവനം ചെയ്തു. ഖളാഇൽ അദ്ദേഹത്തോടൊപ്പം കുറച്ചുകാലം ഞാനും ജോലി ചെയ്തിട്ടുണ്ട്. അദ്ദേഹം നല്ല അഭിപ്രായങ്ങളുള്ളയാളും വളരെ വിനയമുള്ള ആളുമായിരുന്നു. ഖിലാഫത്തുമായി അദ്ദേഹത്തിന് എപ്പോഴും ബന്ധമുണ്ടായിരുന്നു, പിന്നീട് എന്നോടും നല്ല ബന്ധമുണ്ടായിരുന്നു. 2002-ൽ അദ്ദേഹം കാനഡയിലേക്ക് താമസം മാറി, അവിടെ റീജിയണൽ അമീറായി സേവനം ചെയ്തു. നമസ്കാരങ്ങളും ഖുർആൻ പാരായണവും മുറതെറ്റാതെ ചെയ്തിരുന്ന, സാമ്പത്തികമായി വലിയ സേവനങ്ങൾ നൽകിയിരുന്ന, ആത്മാർഥതയുള്ള അഹ്മദിയായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ ജീവിതം ഖിലാഫത്തിനോടുള്ള വിശ്വസ്തതയുടെയും വിനയത്തിന്റെയും ആത്മാർഥതയുടെയും ഉന്നത മാതൃകയായിരുന്നു. (തുടരും)

****

• ഹദീഥുന്നബവിﷺ •
'ഇജ്ത്തനിബൂ കുല്ല മുസ്കിരിൻ.'
എല്ലാത്തരം ലഹരി പദാർഥങ്ങളിൽനിന്നും രക്ഷപ്പെട്ടുകൊള്ളുവിൻ.
ത്വാലിബെ ദുആ
TIMBELLA
BEAUTY FROM TIMBER
—NILAMBUR—
SCAN(BAR-CODE) FOR OUR NILAMBUR TEAK FURNITURES
BEAUTY FROM TIMBER NILAMBUR
FURNITURES FOR ENQUIRY CALL.: 9744366004, 8086399638

• ഹദീഥുന്നബവിﷺ •
"അൽമുഹ്തകിറു മൽഊനുൻ."
വില കൂടുമ്പോൾ വിൽക്കാനായി ധാന്യം പൂഴ്ത്തിവെക്കുന്നവൻ ദൈവകാരുണ്യത്തിൽനിന്ന് വിദൂരസ്ഥനാണ്.
ത്വാലിബെ ദുആ
tectona
feel more confidence

tectona
feels more confidence
All Types Of Quality Furniture
Prop.M.SHAFIQ - 80752 12141 , M.MUSTAFA - 91887 68150
M.MUNEER - 99468 71947, KARULAI, MALAPURAM

EDITOR
H.Shamsuddin

Sub Editor : Mohammad Ismail
Mobile : 91 9446656123
e-mail : badarmalayalam@gmail.com
Layout : HA Creative Graphics

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian
Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2023-2025 Vol-10 Thursday 18 September 2025 Issue-38

MANAGER
SHAIKH MUJAHID AHMAD

Mobile: +91 99153 79255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION :** Rs.600/- (Per Issue : Rs. 12.00/-) (WEIGHT : 20-50 gms/Issue)

# ഖുത്വ്ബ ജുമുഅ

**നബിﷺതിരുമേനിയുടെ ഉന്നതമായ സ്വഭാവത്തിന്റെ ഒരു തിളക്കം ശ്രദ്ധേയമാണ്. അവിടന്ന് മക്ക കീഴടക്കി, ഇപ്പോൾ മക്ക പരാജയപ്പെട്ട ഒരു സമൂഹമായിരുന്നു. യുദ്ധ നിയമങ്ങളും ആചാരങ്ങളും അനുസരിച്ച്, വിജയിച്ചവർക്ക് പരാജയപ്പെട്ടവരുടെ സ്വത്തുക്കളുടെ ഉടമസ്ഥരാകാൻ അവകാശമുണ്ട്. എന്നാൽ, ഇപ്പോൾ യുദ്ധത്തിന് ആയുധങ്ങൾ ആവശ്യമായി വന്നപ്പോൾ, ഓരോ ആയുധവും കടം വാങ്ങി, എത്ര ആയുധങ്ങൾ എടുക്കുന്നുവോ അത്രയും തന്നെ തിരികെ തരുമെന്ന് വാഗ്ദാനവും നൽകി.**

## ഹുനയ്ൻ യുദ്ധത്തിന്റെ പശ്ചാത്തലത്തിൽ നബിചരിത്ര വിവരണം.

**ബഹുമാപ്പെട്ട് ഖാജ മുഖ്താർ അഹ്മദ് സാഹിബ് ബട്ട് ഓഫ് ഖാദിയാൻ, ഇന്ത്യക്കാരനായ നസീർ അഹ്മദ് സാഹിബിന്റെ ഭാര്യ സയീദ ബീഗം സാഹിബ എന്നിവരെ കുറിച്ചുള്ള അനുസ്മരണവും ജനാസ ഗാഇബും**

**ഖുത്ബ ജുമുഅ 2025 ആഗസ്റ്റ് 22, 1404 ള്വുഹൂർ 22, മസ്ജിദ് മുബാറക്, ഇസ്‌ലാമാബാദ്, ടിൽഫോർഡ് (സർറെ)യു.കെ.**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്‌റൂർ അഹ്മദ്
ایدہ اللہ تعالیٰ بنصرہ العزیز

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ○
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

യുദ്ധങ്ങളെ അല്ലെങ്കിൽ ഗസ്‌വാത്തുകളെ കുറിച്ചുള്ള നബിﷺതിരുമേനിയുടെ ജീവചരിത്രമാണ്പ്രതിപാദിച്ചിരുന്നത്. ഇതുമായി ബന്ധപ്പെട്ട് ഇന്ന് ഞാൻ ഹുനയ്ൻ യുദ്ധത്തെക്കുറിച്ചും വിവരിക്കുന്നതാണ്. ഈ യുദ്ധം ഹിജ്റ എട്ടാം വർഷം ശവ്വാൽ മാസത്തിലാണ് നടന്നത്. മക്കയ്ക്കും ത്വാഇഫിനും ഇടയിലുള്ള ഒരു ഗ്രാമത്തിന്റെ പേരാണ് ഹുനയ്ൻ. ഇത് മക്കയിൽനിന്ന് ഏകദേശം ഇരുപത്തിയാറ് കിലോമീറ്റർ ദൂരെയാണ്. ഈ യുദ്ധം ഇവിടെവെച്ച് നടന്നതുകൊണ്ടാണ് ഇതിന് 'ഹുനയ്ൻ യുദ്ധം' എന്ന് പേരുവന്നത്. ഈ യുദ്ധത്തിൽ പങ്കെടുത്ത വലിയ ഗോത്രം ഹവാസിൻ ആയതുകൊണ്ട് ഇതിനെ 'ഹവാസിൻ യുദ്ധം' എന്നും വിളിക്കാറുണ്ട്. ചിലർ ഇതിനെ 'ഔത്വാസ് യുദ്ധം' എന്നും വിളിച്ചിട്ടുണ്ട്. കാരണം ശത്രു സൈന്യത്തിന്റെ ഒരു ഭാഗം ഹുനയ്നിൽ നിന്ന് ഔത്വാസ് എന്ന താഴ്‌വരയിൽ ഓടിപ്പോയിരുന്നു. അവിടെയെത്തിയ മുസ്‌ലിമീങ്ങൾ ശത്രുക്കളെ പരാജയപ്പെടുത്തിയതുകൊണ്ടാണ് ഈ പേര് നൽകിയത്. എന്നാൽ, മിക്ക എഴുത്തുകാരും ഔത്വാസ് യുദ്ധത്തെ വേറെത്തന്നെ വിവരിച്ചിട്ടുണ്ട്.*(അസ്സീറത്തുൽ ഹൽബിയ്യ, വാള്യം 3, പേജ് 151, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)(ഗസ്‌വാത്തുന്നബിﷺ, അല്ലാമ ബുർഹാനുദ്ദീൻ ഹൽബി, മുത്തർറജിം ഉർദു, പേജ് 623)(ദാഇറയെ മആരിഫ് സീറത്ത് മുഹമ്മദു റസൂലുല്ലാഹി(സ), വാള്യം 9, പേജ് 221, ബസ്മ് ഇഖ്ബാൽ ലാഹോർ)(ത്വബഖാത്തുൽകുബ്റാ വാള്യം 2, പേജ് 114, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്)*

വിശുദ്ധ ഖുർആനിൽ ഹുനയ്ൻ യുദ്ധത്തെക്കുറിച്ച് പറഞ്ഞിട്ടുള്ളത് ഇപ്രകാരമാണ്:

**അഊദു ബില്ലാഹി മിനശ്ശയ്ത്വാനിർറജീം ലഖദ് നസ്വറക്കുമുല്ലാഹു ഫീ മവാത്വിന കഥീറത്തിൻ വ്വ യൗമ ഹുനയ്നിൻ ഇദ് അഅ്ജബത്ക്കും കഥ്റത്തുക്കും ഫലം തുഗ്നി അൻകും ശയ്അൻവ്വ ളാക്കത്ത് അലയ്ക്കുമുൽ അർളു ബിമാ റഹുബത്ത് ഥുമ്മ വല്ലയ്ത്തും മ്മുദ്ബിരീൻ-ഥുമ്മ അൻസലല്ലാഹു സക്കീനത്തഹൂ അലാ റസൂലിഹി വ അൽമുഅ്മിനീന വ അൻസല ജുനൂദൻ ല്ലം തറവ്ഹാ വ അദ്ദബല്ലദീന കഫറൂ വ ദാലിക്ക ജസാഉൽ കാഫിരീൻ ഥുമ്മ യതൂബുല്ലാഹു മിൻബഅ്ദി ദാലിക്ക അലാ മൻയ്യശാഉ വല്ലാഹു ഗഫൂർറഹീം**(9:25–27)

തീർച്ചയായും അല്ലാഹു നിങ്ങളെ പല യുദ്ധ രംഗങ്ങളിലും സഹായിച്ചിട്ടുണ്ട്. (പ്രത്യേകിച്ച്) ഹുനയ്ൻ(യുദ്ധ) ദിവസവും (നിങ്ങളെ സഹായിച്ചു); നിങ്ങളുടെ ആധിക്യം നിങ്ങളെ അഹംഭാവികളാക്കിത്തീർത്തപ്പോൾ. എന്നിട്ട് നിങ്ങൾക്ക് അത്(ആധിക്യം) പ്രയോജനമൊന്നും ചെയ്തതുമില്ല. ഭൂമി വിസ്തൃതമായിരുന്നിട്ടും നിങ്ങൾക്ക് അത് ഇടുങ്ങിയതായി തീർന്നു. പിന്നീട് നിങ്ങൾ തിരിഞ്ഞ് പിൻവാങ്ങുകയാണ്ടായത്.

പിന്നീട് അല്ലാഹു തന്റെ ദൂതനും സത്യവിശ്വാസികൾക്കും അവന്റെ പക്കൽനിന്നുള്ള മനഃസമാധാനം ഇറക്കി. നിങ്ങൾ കണ്ടിട്ടില്ലാത്ത ചില സൈന്യങ്ങളേയും അവൻ ഇറക്കുകയുണ്ടായി. അവിശ്വസച്ചവരെ അവൻ ശിക്ഷിക്കുകയും ചെയ്തു. അതാണ് അവിശ്വാസികളുടെ പ്രതിഫലം.

പിന്നീട് അല്ലാഹു അതിനു ശേഷവും, അവനിഷ്ടപ്പെടുന്നവരുടെമേൽ കാരുണ്യത്തോടെ മടങ്ങുന്നതാണ്. അല്ലാഹു സർവഥാ പൊറുക്കുന്നവനും കരുണാമയനുമാണ്.

ഇതിനുകാരണമുണ്ടായത്, മക്ക വിജയിക്കുകയും അറേബ്യയിലെ വലിയ ഗോത്രങ്ങൾ അതുവരെക്കും ഇസ്‌ലാം സ്വീകരിക്കുകയോ നബിﷺതിരുമേനിയെ അനുസരിക്കുകയോ ചെയ്തിരുന്നു. എന്നാൽ, മക്കയുടെ അടുത്തുള്ള ധിക്കാരികളും യുദ്ധക്കൊതിയന്മാരുമായ ഹവാസിൻ, ഥഖീഫ് എന്നീ ഗോത്രങ്ങൾ കീഴടങ്ങാൻ വിസമ്മതിക്കുക മാത്രമല്ല, അവരുടെ നേതാക്കൾ ഒത്തുകൂടി ഇങ്ങനെയൊക്കെ പറഞ്ഞു: "മുഹമ്മദ്ﷺമക്കയടക്കമുള്ള അറേബ്യൻ ഗോത്രങ്ങളെ തന്റെ അനുയായികളാക്കിയിരിക്കുകയാണ്. ഇനി തീർച്ചയായും അദ്ദേഹം നമ്മുടെ നേരെ വരുന്നതായിരിക്കും. അതിനാൽ, അദ്ദേഹം നമ്മുടെ നേരെ വരുന്നതിനു മുമ്പേ നമ്മൾത്തന്നെ അദ്ദേഹത്തെ ആക്രമിക്കുന്നതാണ് നല്ലത്. അവർ സ്വയം ഇങ്ങനെ സങ്കൽപ്പിച്ചു: 'മുഹമ്മദ്ﷺഇന്നുവരെ വിവരമില്ലാത്ത ആളുകളുമായാണ് യുദ്ധം ചെയ്തിട്ടുള്ളത്. നമ്മളുമായി അദ്ദേഹം ഇതുവരെ ഏറ്റുമുട്ടിയിട്ടില്ല.' ഹവാസിൻ ഗോത്രത്തോടൊപ്പം ഥഖീഫ് ഗോത്രവും നസ്‌ർ, ജുശും ഗോത്രങ്ങളിലെ എല്ലാ യോദ്ധാക്കളും സംഘടിച്ചു. സഅദ് ബിൻ ബക്ർ ഗോത്രത്തിലെയും ബനൂഹിലാൽ ഗോത്രത്തിലെയും കുറച്ചാളുകളും സംഘടിച്ചു.*(സുബുലുൽ ഹുദാ വർറശാദ്, വാള്യം 5, പേജ് 310, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)*

ചില നിവേദനങ്ങളിൽനിന്ന് മനസ്സിലാകുന്നത്, ഹവാസിൻ ഗോത്രം ഇതിനുമുമ്പേ മുസ്‌ലിമീങ്ങളെ നേരിടാൻ തയ്യാറെടുപ്പു തുടങ്ങിയിരുന്നുവെന്നാണ്. കാരണം, മുഹമ്മദ്ﷺ, ജൂതന്മാരെയും മറ്റു ഗോത്രങ്ങളെയും പതിയെപ്പതിയെ കീഴ്പ്പെടുത്തുന്ന

ശേഷം പേജ 9 ൽ

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin